# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം. പി.6/1492/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/10/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം. പി.6/1492/2023 തീയ്യതി: 31/10/2023

## കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബീനാകുമാരി.സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 16-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2023 | 16-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുലത.ഡി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
ശ്രീ.സുമേഷ്.പി.വി,അസി.ഓഡിറ്റ് ഓഫീസർ

കുമാരി.സജിമോൾ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.യോഗേഷ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ബി.രമ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സുരേഷ് കുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.പി.മധു | അസി.സെക്രട്ടറി | 01-04-2022 | 21-10-2022 |
| സിന്ധു.എൻ | അസി.സെക്രട്ടറി(ഇൻ ചാർജ്) | 22-10-2022 | 31-10-2022 |
| സിന്ധു.എൻ | അസി.സെക്രട്ടറി | 01-11-2022 | 31-03-2023 |
| ലിബീഷ് മാത്യു | ഡി.എഫ്.ഐ | 01-04-2022 | 06-12-2022 |
| അഷിദ മായീൻ | ഡി.എഫ്.ഐ | 07-12-2022 | 31-03-2023 |
| ലിറ്റി വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| അനു.കെ.ജോസഫ് | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ലിറ്റി തോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| പ്രമോദ്.സി.പി | ഹെഡ്മാസ്റ്റർ,മറവൻതുരുത്ത് | 01-04-2022 | 31-03-2023 |
| ഡോ.വിദ്യ.എസ്സ് | മെഡിക്കൽ ഓഫീസർ, ഹോമിയോ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.നമിത.കെ.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോമറവൻതുരുത്ത് | 01-04-2022 | 07-01-2023 |
| സിനി.സി.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോമറവൻതുരുത്ത് | 08-01-2023 | 11-02-2023 |
| സ്മിത രാജേഷ് | മെഡിക്കൽ ഓഫീസർ, ഹോമിയോ,മറവൻതുരുത്ത് | 12-02-2023 | 31-03-2023 |
| ഡോ.ധന്യ എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| പൊന്നമ്മ കെ ജെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| റെയ്ഹനത്ത് ബീവി കെ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 09-01-2023 |
| ആതിര എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-01-2023 | 20-02-2023 |
| സുചിത്ര സി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-02-2023 | 31-03-2023 |
| ശ്രീമതി ജിഷ പി റ്റി | വി.ഇ.ഒ.മറവൻതുരുത്ത് | 01-04-2022 | 06-07-2022 |
| ശ്രീമതി സൂര്യ | വി.ഇ.ഒ. | 01-04-2022 | 06-07-2022 |
| ശ്രീമതി സുമിതമോൾ പി എസ് | വി.ഇ.ഒ. | 11-07-2022 | 21-01-2023 |
| ശ്രീ.സനൽ എസ് | വി.ഇ.ഒ. | 11-07-2022 | 31-03-2023 |

കുറിപ്പ്-07.07.2022 മുതൽ 10.07.2022 വരെയുള്ള 4 ദിവസങ്ങളിലേക്ക് ആർക്കും ചാർജ് നൽകിയിട്ടില്ലാത്തതാണ്. ശ്രീ സനൽ എസ്, വിഇഒ, മറവൻതുരുത്ത് സർക്കിളിന്റെ അധിക ചുമതല (22.01.2023-31.03.2023)

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല- | 1-1-2 |
| 4 | നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | മുൻക്കൂർ നൽകിയ തുക നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-5 |
| 7 | ലോൺ നീക്കിയിരിപ്പ്-ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | തൊഴിലുറപ്പ് ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | വാർഷികപദ്ധതി | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | സാമൂഹ്യക്ഷേമ പദ്ധതി | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 20 | തൊഴിൽനികുതി -അപാകതകൾ | 1-12 |
| 21 | സ്കൂൾ കോമ്പൗണ്ടിലെ തടികളുടെ ലേലം - നടപടിക്രമങ്ങളിൽ അപാകതകൾ | 1-13 |
| 22 | അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ്-തുകകളുടെ വിശദാംശം വ്യക്തമല്ല | 1-14 |
| 23 | ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-15 |
| 24 | സൗജന്യമായി വിട്ടുകിട്ടിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചില്ല. | 1-16 |

| | | |
|---|---|---|
| 25 | സ്വയംതൊഴിൽ ഗ്രൂപ്പുകൾക്ക് ധനസഹായം- 2ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 26 | സോപ്പുപൊടിനിർമ്മാണയൂണിറ്റ് സോപ്പുപൊടിനിർമ്മാണം നടത്തുന്നില്ല. | 1-18 |
| 27 | കടത്തുകടവ് -ചീപ്പുങ്കൽ റോഡ് കരാർവച്ച് മൂന്നു വർഷത്തിനുശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 28 | ക്യാൻ കോട്ടയം ക്യാൻസർ നിയന്ത്രണപരിപാടി - രേഖകൾ ലഭ്യമായില്ല. | 1-20 |
| 29 | അഗതിരഹിതകേരളം - പ്രോജക്ട് മന്ദഗതിയിൽ. | 1-21 |
| 30 | മരുന്ന് /ഉപകരണങ്ങൾ വാങ്ങൽ - ലഭ്യമായില്ല. | 1-22 |
| 31 | ഹോമിയോ ആശുപത്രിക്ക് മരുന്ന് - ലഭ്യമായില്ല. | 1-23 |
| 32 | ടേക്ക് എ ബ്രേക്ക് - നിർമ്മാണം പൂർത്തിയായിലൽ. | 1-24 |
| 33 | ദുരിതാശ്വാസ നിധി- പ്രവർത്തനങ്ങൾ നിർജ്ജീവാവസ്ഥയിൽ | 1-25 |
| 34 | കോക്ലിയർ ഇംപ്ലാന്റേഷൻ-മെയിന്റനൻസ് -സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-26 |
| 35 | വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല. | 1-27 |
| 36 | കുടുംബാരോഗ്യകേന്ദ്രം കെട്ടിടനിർമ്മാണം - വിനിയോഗവിവരം ലഭ്യമായില്ല. | 1-28 |
| 37 | കന്നുകുട്ടിപരിപാലനം - വിനിയോഗവിവരം ലഭ്യമായില്ല. | 1-29 |
| 38 | വിഭവസമാഹരണത്തിലെ കാര്യക്ഷമത | 1-30 |
| 39 | ലൈഫ് ഭവന നിർമ്മാണം- പണിപൂർത്തികരിച്ചിട്ടില്ല. | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മറവൻതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25/05/2023 തീയതിയിലെ 15(1) തീരുമാനം പ്രകാരം അംഗീകരിച്ച് 01/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മറവൻതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-2 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല-

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

1-1-3 നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

450210104 Code ലുള്ള STSB അക്കൗണ്ടിൽ (അക്കൗണ്ട്നം.799013000000052) 31.03.23 ൽ നീക്കിയിരിപ്പ് തുകയില്ല. എന്നാൽ അതേ Code ൽ Treasury Account Of Traditional Function Fund എന്ന് അക്കൗണ്ടിൽ 500 രൂപ നീക്കിയിരിപ്പുള്ളതായി B-17 രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് ,നോട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

1-1-5 മുൻകൂർ നൽകിയ തുക നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

പ്രോജക്ട് നം. 91/23 ( കണ്ണംകുളത്ത് തുക്ക് പാലം അറ്റകുറ്റപ്പണി) പ്രകാരം KEL തൻ വർഷം നിക്ഷേപിച്ച 273500 രൂപ മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം ടി തുകയുടെ നിക്ഷേപം ബി-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

1-1-6 ലോൺ നീക്കിയിരിപ്പ്-ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

KURDFC ലോൺ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക ബി-5 Secured Loans ഷെഡ്യൂളിലും ബി-16 Pre-paid Expenses ഷെഡ്യൂളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. തൻവർഷ ലോൺ വരവ് 600003 രൂപയാണ്. എന്നാൽ RP-31 ഷെഡ്യൂൾ പ്രകാരം വരവ് 600720 രൂപയാണ്.

1-1-7 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-8 തൊഴിലുറപ്പ് ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ വാർഷികകണക്കുകൾ പ്രകാരമുള്ള ചെലവ് കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

ധനകാര്യസ്ഥിരം സമിതിയുടെ 26-3-22ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 7-3-22- ലെ യോഗതീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി (അജണ്ട-1തീരുമാനം- 1-). തുടർന്ന് സർക്കാർ/ സർക്കാർ ഇതര ഗ്രാന്റുകളുടെ വരവിൽ കുറവുണ്ടായതിന്റെയും വാർഷികപദ്ധതി ഭേദഗതികളുടെ ഭാഗമായി വരവുചെലവുകണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായും ബജറ്റ് പുതുക്കി തയ്യാറാക്കുകയും പുതുക്കിയ ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4-3-23- ലെ 2-ാം നമ്പർ തീരുമാനപ്രകാരവും ഭരണസമിതിയുടെ 7-3-23-ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിക്കുകയുംചെയ്തു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 37,32,032 |

| | |
|---|---|
| വരവ് | 18,07,51,667 |
| ആകെ | 18,44,83,699 |
| ചെലവ് | 18,21,94,667 |
| നീക്കിയിരിപ്പ് | 22,89,032 |

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ഫയൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. 1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16 /എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ പാലിച്ചിട്ടുള്ളതായി കാണുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12238900 |
| ഓഡിറ്റ് വർഷത്തെ വരവ് (റസീപ്റ്റ്&പേമെന്റ് പത്രിക പ്രകാരം) | 33123472 |
| ആകെ | 45362372 |
| ഓഡിറ്റ് വർഷത്തെ ചെലവ് (റസീപ്റ്റ്&പേമെന്റ് പത്രിക പ്രകാരം) | 32202134 |
| നീക്കിയിരിപ്പ് | 13160238 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാ രം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 146666426 |
| ആകെ ചെലവ് | 150358957 |
| വരുമാനനഷ്ടം | (3692531) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 68707 |
| അറ്റ പ്രവർത്തന നഷ്ടം | (3761238) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1717854 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18958000 | 18958000 | 17055402 | 1902598 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5728000 | 5728000 | 5165286 | 562714 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2683000 | 2683000 | 2458574 | 224426 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5227000 | 5227000 | 3973261 | 1253739 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 2088630 | 6482172 | 8570802 | 4357185 | 4213617 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 51317 | 3523311 | 3574628 | 3285380 | 289248 |
| ഐ.സി.ഡി.എസ് | 277999 | 1050688 | 1328687 | 5289172 | 799715 |
| ശുചിത്വമിഷൻ ഗ്രാന്റ് | 82961 | 0 | 82961 | 0 | 82961 |
| റ്റി.എസ്.സി | 6100 | 0 | 6100 | 0 | 6100 |
| എസ്.എസ്.എ | 46822 | 1277 | 48099 | 0 | 48099 |
| സാക്ഷരത | 63107 | 1721 | 64828 | | 64828 |
| അവാർഡ്സ് ആന്റ് ഹോണോഴ്സ് | 826616 | 200000 | 1026616 | 800000 | 226616 |
| ഹെൽത്ത് ഗ്രാന്റ് | 0 | 1000000 | 1000000 | 0 | 1000000 |

1.സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ 08.04.22 ലെ സ.ഉ(സാധാ)നം.2862/2022/ധന. ഉത്തരവ് പ്രകാരം ഒന്നാം ഗഡുവായി 3217300 രൂപ അനുവദിച്ചിരുന്നു. എന്നാൽ 05.09.2022 ലെ സ.ഉ(സാധാ)നം.6267/2022/ധന. ഉത്തരവ് പ്രകാരം 1428633 രൂപ സർക്കാരിലേക്ക് തിരികെ മുതൽ കൂട്ടിയിട്ടുണ്ട്. തുടർന്ന് 05.12.2022ലെ സ.ഉ(സാധാ)നം.8253/2022/ധന. ഉത്തരവ് പ്രകാരം മൂന്നാം ഗഡുവായി 894333 രൂപയും അനുവദിച്ചു. എന്നാൽ മൂന്നാം ഗഡുവായി ലഭിച്ച തുക എ.സി.ആറിൽ വരവായി എടുത്തിട്ടില്ല. സംരക്ഷണ ഗ്രാന്റ് -റോഡിനത്തിലുള്ള തൻ വർഷത്തെ യഥാർത്ഥ വരവ് 2683000 രൂപയാണ്(3217300-1428633+894333).

2.റോഡിതര സംരക്ഷണ ഗ്രാന്റിന്റെ സാംഖ്യ എ.സി.ആർ പ്രകാരമുള്ള ചെലവ് കണക്കുകൾ വാർഷികകണക്കുകൾ,ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എ സി ആർ പ്രകാരം | വാർഷികകണക്കുകൾ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം |
|---|---|---|
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 3973711 | 3973261 |

3.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 2411110 രൂപ, 650291 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ

നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വാർഷികകണക്കുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

3. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 127813 /- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

### വാർഷികപദ്ധതി

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷമായ 2022-23 മുതലുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-4-22ലെ സ.ഉ(കൈ) നം 84/2022 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടിക്രമങ്ങൾ തൃപ്തികരമായി നിറവേറ്റിയിട്ടുള്ളതായി കാണുന്നു. പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾപ്രകാരം പദ്ധതി ആസൂത്രണവും/ രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമഞ്ചായത്ത് പിൻതുടർന്ന നടപടിക്രമങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Lതീയതി | പ്രവർത്തനഘട്ടം/വിഷയം | റിമാർക്സ് |
|---|---|---|
| 18-12-21 | ആസൂത്രണസമിതിയോഗം | 22-23 പദ്ധതി രൂപീകരണം |
| 5-1-22 | പദ്ധതി ആസൂത്രണം രൂപീകരണവുമായി ബന്ധപ്പെട്ട യോഗം | 22-23 പദ്ധതി രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, സി. എഫ്.സി സബ്പ്ലാൻ തയ്യാറാക്കൽ, എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു |
| 16-1-22 മുതൽ 20-1-22വരെ | പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുയോഗങ്ങൾ | 15 വാർഡുകളിലും പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുയോഗങ്ങൾ നടന്നു.തീരുമാനങ്ങൾ ഗ്രാമസഭാ മിനിറ്റ്സുകളിൽ എഴുതി ചേർത്തിട്ടുണ്ട്. |
| 21-12-21 10-6-22 26-12-22 | ആസൂത്രണസമിതി അംഗങ്ങൾ, നിർവ്വഹണോദ്യോഗസ്ഥർ, ജനപ്രതിനിധികൾ | 23 അംഗങ്ങൾ പങ്കെടുത്തപ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നു. |

| | | |
|---|---|---|
| | എന്നിവരുടെ സംയുക്തയോഗം | വികസനരേഖ തയ്യാറാക്കൽ, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ .22-23 പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വാർഷികപദ്ധതി നിർവ്വഹണപുരോഗതി വിലയിരുത്തുന്നതിനുള്ള യോഗം |
| 14-6-22 | വികസനസെമിനാർ | 153 പേർ പങ്കെടുത്തു. |
| 9-3=-22<br>12-7-22 | നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | നോൺ റോഡ് പ്രൊപ്പോസലുകൾ സംബന്ധിച്ച ചർച്ചകൾ |
| 21-7-22 | പദ്ധതി അംഗീകാരം | വാർഷികപദ്ധതിക്ക് അന്തിമാംഗീകാരം നൽകി |
| 29-8-22 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള വർക്കിംഗ് ഗ്രൂപ്പുയോഗം | 91 പേർ പങ്കെടുത്തു. വാർഡുകളിൽ നിന്നും ലഭിച്ച ഗുണഭോക്തൃലിസ്റ്റുകൾ ചർച്ചചെയ്ത് മുൻഗണനാലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭകൾക്ക് നൽകി. |
| 7-10-22<br>2(1) | ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചു | 22-23വാർഷികപദ്ധതിയിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി അംഗീകരിച്ചുതീരുമാനിച്ചു. |
| 27-10-22 | നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | മിനിറ്റ്സിൽ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. |
| 28-12-22 | വർക്കിംഗ് ഗ്രൂപ്പുകളുടെ സംയുക്തയോഗം | 22-23വാർഷികപദ്ധതി വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കരട് പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു തയ്യാറാക്കി |
| | വാർഷികപദ്ധതിക്ക് നിർവ്വഹണാംഗീകാരം ലഭിച്ചു. | ഡി.പി.സി-യുടെ 8-12-21-ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് |
| | | |

വികസനസെമിനാറിൽ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുകയും കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുയും ചെയ്തിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടേയും വിവിധ നിർവ്വഹണോദ്യോഗസ്ഥരുടേയും യോഗം ചേർന്ന് വിവിധ വികസനമേഖലകളിലായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ചും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

വാർഷിക പദ്ധതി- വകയിരുത്തലും ചെലവു വിവരങ്ങളും

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 8,89,14,585/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 147പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 135 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണചുമതല 12 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1139450 | 1139450 | 100 |
| വെറ്ററിനറി സർജൻ | 7 | 7 | 2479250 | 2166750 | 87.4 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 14 | 14 | 4453594 | 4136731 | 92.88 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 2 | 2 | 225000 | 222300 | 98.8 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 905000 | 900000 | 99.447 |
| ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 324000 | 324000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 11 | 10 | 3182400 | 1996074 | 62.72 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 8 | 7 | 4580536 | 3583766 | 78.23 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത് | 35 | 33 | 15925758 | 13202815 | 82.93 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- 2 | 10 | 10 | 38145566 | 5581480 | 14.63 |
| അസിസ്റ്റന്റ് എൻജിനീയർ | 31 | 23 | 13701202 | 6860625 | 50.07 |
| ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ | 7 | 7 | 1134500 | 1133912 | 99.948 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 800000 | 800000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 11 | 1918329 | 1876501 | 97.08 |
| ആകെ | 147 | 135 | 8,89,14,585 | 4,39,24,404 | 49.4% |

വാർഷികപദ്ധതി -വിലയിരുത്തൽ

* 8.89 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും 4.3കോടി രൂപയെ ചെലവഴിച്ചിട്ടുള്ളൂ എന്നതിനാൽ വാർഷികപദ്ധതിച്ചെലവ് 49.4 % മാത്രമാണ്.

* വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഒഴികെ കാർഷികമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു വികസനകാഴ്ച്ചപ്പാടോടുകൂടി ഉത്പ്പാദനവർദ്ധനവിനും വിപണനസാധ്യതയ്ക്കും ഉതകുന്നതരത്തിലുള്ള പ്രോജക്ടുകൾ തൻവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

* ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി പൊതു/പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച പാർപ്പിട പദ്ധതികളായ ലൈഫ്, പി.എം.എ.വൈ , പി.എം.എ.വൈ ആവാസ് പ്ലസ് എന്നിവയിലൂടെ തൻവർഷം 50ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്.

* സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ വരുമാനവർദ്ധനവ് ലക്ഷ്യമാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രോജക്ട്പ്രകാരം ധനസഹായം അനുവദിച്ചെങ്കിലും യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ട് നമ്പർ178/23 പ്രകാരം 100000/- രൂപ സബ്സിഡി അനുവദിക്കപ്പെട്ട ഗ്രാമപഞ്ചായത്തിൽ ഹെൽപ് ഡസ്കായി പ്രവർത്തിക്കുന്ന ശ്രീലക്ഷ്മി സ്വയം തൊഴിൽ ഗ്രൂപ്പ് മാത്രമാണ് തൃപ്തികരമായ നിലയിൽപ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

* ഉറവിടമാലിന്യസംസ്കരണവും ജൈവവളനിർമ്മാണവും ലക്ഷ്യമിട്ട് ജീബിൻവിതരണം നടത്തുന്നതിനായി കേന്ദ്രാവിഷ്കൃതപദ്ധതിവിഹിതം വകയിരുത്തി 4 പ്രോജക്ടുകൾ പ്രകാരം 11ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുടർമോണിറ്ററിംഗിന്റെ അഭാവത്തിൽ പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

* പശ്ചാത്തലമേഖലയിൽ തോടുകളുടെ ആഴംകൂട്ടി നീരൊഴുക്ക് വർദ്ധിപ്പിച്ച് മാലിന്യമുക്തമാക്കുന്നതിനും സ്കൂളുകളുടേയും അങ്കണവാടികളുടേയും നവീകരണത്തിനുമായി പ്രോജക്ടുകൾ ആവിഷ്കരിച്ചുനടപ്പാക്കി.

മോണിറ്ററിംഗ്

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രോജക്ടുകൾക്ക് രൂപവും ഭാവവും നൽകിയ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹണരംഗത്തും, അയൽസഭകൾ, വാർഡ് വികസനസമിതികൾ, ഗ്രാമസഭകൾ എന്നിവ ഇടപെട്ടും മോണിറ്ററിംഗ് കാര്യക്ഷമമാക്കും എന്ന് ഗ്രാമപഞ്ചായത്തിന്റെ 22-23വർഷത്തെ അന്തിമപദ്ധതിരേഖ അദ്ധ്യായം 11-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മോണിറ്ററിംഗ് കാര്യക്ഷമമായിരുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടുമില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റിയിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 2971 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 320പദ്ധതികളിൽ 264എണ്ണം പൂർത്തീകരിച്ചു. 2022-23 വർഷം 15 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 155017തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2022-23 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 84 ആണ്. 1845കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. സുഭിക്ഷ കേരളം, മഴക്കുഴി നിർമ്മാണം, തോടുകൾ ആഴംകൂട്ടൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ട്.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1220367 | 1220367 | 1220367 | - |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 48271386 | 48271386 | 48271386 | - |
| ആകെ | | 49491753 | 49491753 | 49491753 | |

## 1-7 സാമൂഹ്യക്ഷേമ പദ്ധതി

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 24710500 | 19350 |
| കർഷകതൊഴിലാളി പെൻഷൻ | 2858400 | 1887 |
| വിധവാപെൻഷൻ | 6272600 | 4071 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 542800 | 348 |
| വികലാംഗപെൻഷൻ | 2908400 | 1907 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെയും കാഷ്യറുടെയും സാന്നിധ്യത്തിൽ 05/08/2023 തീയതിയിൽ 3.10 സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 6200/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1.1.1 മുതൽ 1.1.7 വരെ പരാമർശിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് കണക്കുകൾ കൈകാര്യം ചെയ്യുന്നത്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും

ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്.

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ& തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2014 | 2007-08മുതൽ2011-12 വരെ | 19.06.2012ലെ എച്ച്.ബി.എ(എച്ച്.ക്യൂ)2/8എ /1819/ജെ5 |
| പെർഫോർമൻസ് ഓഡിറ്റ് | 26.07.2022 | 03/22 | PAU2.697/2022 |

## 1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67397601864 എന്ന എസ്.ബി.ഐ. കറണ്ട് അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതായി പരിശോധനയിൽ കാണുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 25643/-(cheque Deposited But Not Cleared) രൂപ ലഭിക്കുവാനുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്ന പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 01/07.08.23) കാലതാമസം നേരിടുന്ന വിഷയം പല പ്രവശ്യമായി അറിയിച്ചിട്ടുള്ളതും മേലധികാരികൾക്കും IKM നും അറിവുള്ള വിഷയവുമാണെന്നും അതാത് മാസങ്ങളിൽ തന്നെ തുക ക്രഡിറ്റാകുന്നതിന് പൊതുവായ ഒരു നിർദ്ദേശം IKM ന് നല്കുകയാണെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം

കാലക്രമേണ ലഭ്യമാകുമെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് വകുപ്പ് തലത്തിൽ IKM മായി ബന്ധപ്പെട്ട് യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-12 തൊഴിൽനികുതി -അപാകതകൾ

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ) താഴെ പറയുന്ന സ്ഥാപനങ്ങൾ അവയോടൊപ്പം ചേർത്തിട്ടുള്ള അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1.കുലശ്ശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്ക് (നം.3850) ഹെഡ് ഓഫീസ് -രണ്ടാം അർദ്ധവർഷം

2.കുലശ്ശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്ക് (നം.3850) ചെമ്മനാകരി ബ്രാഞ്ച് - രണ്ടാം അർദ്ധവർഷം

3.കൈത്തറി, മറവൻതുരുത്ത് - 1,2 അർദ്ധ വർഷങ്ങൾ

4.CVCSK-579 – 1, 2 അർദ്ധ വർഷങ്ങൾ

ബി) തൻവർഷം ജങ്കാർ സർവ്വീസ് നടത്തുന്നതിന് കരാറിലേർപ്പെട്ട ശ്രീ. രഞ്ജിത്.എം, തെക്കേപുളിക്കിൽ,മണപ്പുറം.പി.ഒ എന്ന വ്യക്തിയുമായി 09.03.22 ൽ ഗ്രാമപഞ്ചായത്ത് ചമച്ച കരാറിലെ 11-ാം നമ്പർ വ്യവസ്ഥ പ്രകാരം ടിയാളുടേയും തൊഴിലാളികളുടേയും തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇപ്രകാരം തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

സി) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെടുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/14.08.23) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾ / വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 സ്കൂൾ കോമ്പൗണ്ടിലെ തടികളുടെ ലേലം - നടപടിക്രമങ്ങളിൽ അപാകതകൾ

I.കുലശേഖരമംഗലം എൽ .പി.സ്കൂൾ

കുലശേഖരമംഗലം എൽ.പി.സ്കൂൾ കോമ്പൗണ്ടിൽ ഉള്ള മരങ്ങൾ വെട്ടി മാറ്റി ലേലം ചെയ്യുന്നത് സംബന്ധിച്ച് സ്കൂൾ എച്ച്.എം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മരം വെട്ടുന്നതിന് ചെലവായ തുക മരം ലേലം ചെയ്ത തുകയിൽ നിന്നും എടുക്കുന്നതിനും ബാക്കിയുള്ള തുക പി.ടിഎ ഫണ്ടിൽ അടവാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് 26.04.2022 ലെ 25/1 കമ്മിറ്റി തീരുമാനം പ്രകാരം ഹെഡ്മിസ്ട്രസിനെ ചുമതലപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ചുള്ള ലേല ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.മുറിച്ച് മാറ്റിയ മരങ്ങളുടെ ലേലം നടന്നത് 22.03.2022 ലാണ്. എന്നാൽ ലേലഫയൽ പ്രകാരം മുറിച്ച് മാറ്റിയ മരം നിയമാനുസൃതം ലേലം ചെയ്യുന്നതിന് ഹെഡ്മിസ്ട്രസിനെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളത് 05.04.22-ൽ മാത്രമാണ്( തീരുമാന നമ്പർ 16/1)

2.22.03.2022 ൽ നടന്ന ലേലത്തിൽ കൂടിയ തുകയായ 27000 രൂപ വിളിച്ച ഷൈജു.വി.വി, വിജയഭവനം എന്ന വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തി നൽകിയിട്ടുള്ളതായി ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലേല നടപടി പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല. പി.ടി.എ യാണ് ലേല

നടപടിയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

3.ലേല തുകയായ 27000 രൂപയിൽ നിന്നും 1418 രൂപ 23.03.22 ൽ എഫ്.ഡി.റ്റി ഇനത്തിൽ ട്രഷറിയിൽ അടവാക്കുകയും ബാക്കി തുക പി.ടി.എ യുടെ ചെലവുകൾക്കായി ഉപയോഗിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ലേലത്തിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്തിൽ അടവാക്കാതെ പി.ടി. എ യുടെ ചെലവുകൾക്കായി വിനിയോഗിച്ചതും ലഭ്യമായ തുക ബാങ്ക് അക്കൗണ്ടിൽ അടവാക്കാതെ കൈവശം വെച്ച് ചെലവഴിച്ച നടപടിയും ക്രമപ്രകാരമല്ല.

4.ലേല തുകയായ 27000 രൂപയോടൊപ്പം ലേലം ഉറപ്പിച്ച വ്യക്തിയിൽ നിന്നും ജി.എസ്.റ്റി ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. കൂടാതെ ലേല തുകയിൽ നിന്ന് കുറവ് ചെയ്താണ് എഫ്.ഡി.റ്റി ഇനത്തിൽ തുക അടവാക്കിയിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/14.08.23) പി.ടി.എ യുടെ ഉത്തരവാദിത്വത്തിൽ ലേലം ചെയ്താൽ മതിയാകും എന്ന് കരുതിയതിനാലാണ് ലേല ഡയറി പഞ്ചായത്തിൽ സമർപ്പിക്കാത്തതെന്നും പഞ്ചായത്തിൽ നിന്ന് അനുവാദം ലഭിച്ചതിനാലാണ് ലേലത്തിൽ ലഭിച്ച തുകയിൽ നിന്ന് സ്കൂൾ പ്രവർത്തനങ്ങൾക്ക് ഹെഡ്മിസ്ട്രസ് അഡ്വാൻസായി ചെലവാക്കിയ തുകയും മരം വെട്ടി മാറ്റിയ തുകയും എടുത്തതെന്നും ജി.എസ്.റ്റി ഈടാക്കണമെന്ന് അറിവില്ലായിരുന്നുവെന്നും കുലശേഖരമംഗലം എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എന്നിരുന്നാലും ഗ്രാമപഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ നിന്ന മരം വെട്ടി മാറ്റി ലേലം ചെയ്ത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കാതെ പി.ടി.എ ഫണ്ടിൽ അടവാക്കുവാൻ എടുത്ത ഭരണസമിതി തീരുമാനവും ലേല നടപടിക്രമങ്ങൾ, ലേല ഡയറി എന്നിവ പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കാതെ ലേലത്തിൽ ലഭിച്ച തുക സ്കൂൾ പ്രവർത്തനങ്ങളുടെ ചെലവിലേക്ക് വരവ് വെച്ച ഹെഡ്മിസ്ട്രസിന്റെ നടപടിയും ക്രമപ്രകാരമല്ല. ആയതിനാൽ മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ജാഗ്രത പുലർത്തേണ്ടതുമാണ്.

II.മറവൻതുരുത്ത് യു .പി.സ്കൂൾ

മറവൻതുരുത്ത് യു.പി.സ്കൂൾ കോമ്പൗണ്ടിൽ സ്കൂളിനും പരിസരവാസികൾക്കും ഭീഷണിയായി ഉണങ്ങി ജീർണ്ണാവസ്ഥയിലുള്ള മരം ലേലം ചെയ്ത് മുറിച്ച് നീക്കുന്നതിന് 29.09.2021 ലെ ഭരണസമിതി മീറ്റിംഗിലെ 27(1) നമ്പർ തീരുമാനപ്രകാരം നടപടി കൈക്കൊള്ളുവാൻ സ്കൂൾ ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ വാല്യുവേഷൻ ഇല്ലാതെ 7000 രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് 12.11.2021 ൽ സ്കൂളിൽ വെച്ച് നടന്ന ലേലത്തിൽ ഏറ്റവും ഉയർന്ന വിലയായ 10000 രൂപ ലേലം വിളിച്ച ശ്രീ.സാബു.റ്റി.ആർ ന് ലേലം ഉറപ്പിച്ച് നൽകുകയാണ് ചെയ്തത്. ലേലത്തുകയായി ലഭിച്ച 10000 രൂപ മാത്രം ഹെഡ്മാസ്റ്റർ പി.ടി.എ ഫണ്ടിൽ അടച്ചു. ലേലതുകയോടൊപ്പം ജി.എസ്.റ്റി . എഫ്.ഡി. റ്റി എന്നിവ ഈടാക്കിയിരുന്നില്ല. മരം ലേലം ചെയ്ത് ലഭിച്ച തുക പി.ടി.എ ഫണ്ടിൽ അടച്ച നടപടിയ്ക്ക് 12.01.2022 ലെ 1/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി സാധൂകരണവും നൽകിയിട്ടുണ്ട്.

എന്നാൽ പിന്നീട് പരാതിയുണ്ടായതിനെ തുടർന്ന് ലേല നടപടി ക്രമങ്ങളിലെ വീഴ്ച സംബന്ധിച്ച് ഹെഡ്മാസ്റ്റർ കാരണം ബോധിപ്പിക്കുകയും മാപ്പപേക്ഷ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് 18.04.2022 ൽ ഹിയറിംഗ് നടത്തുകയും മുറിച്ച് മാറ്റിയ മരത്തിന്റെ ചുവട് പരിശോധിച്ച് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് മുഖേന വില പുനർനിർണ്ണയം നടത്തുന്നതിന് ഹെഡ്മാസ്റ്റർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ 12.10.2022 ൽ നൽകിയ വാല്യുവേഷൻ പ്രകാരം ആകെ തടിയ്ക്ക് 15761 രൂപ വില നിശ്ചയിച്ചിരുന്നു. പി.ടി.എ ഫണ്ടിൽ അടവാക്കിയിരുന്ന 10000 രൂപയും വാല്യുവേഷൻ പ്രകാരമുള്ള

ബാക്കിയ തുകയായ 5761 രൂപയും കൂടി ചേർത്ത് 15761 രൂപയും ആയതിന്റെ ജി.എസ്.റ്റി ഇനത്തിൽ 2872 രൂപയും ചേർത്ത് ആകെ 18633 രൂപ 05.01.2023 ൽ പഞ്ചായത്ത് ഓഫീസിലും എഫ്.ഡി.റ്റി. ഇനത്തിലുള്ള 828 രൂപ ചെലാൻ മുഖാന്തിരം ട്രഷറിയിലും ലേലം കൊണ്ട ശ്രീ. സാബു.റ്റി.ആർ അടവാക്കിയിട്ടുള്ളതായി കാണുന്നു.

എങ്കിലും വാല്യൂവേഷൻ ഇല്ലാതെ തടി ലേലം ചെയ്തതും ലേലത്തിൽ ലഭിച്ച തുക പി.ടി.എ ഫണ്ടിൽ അടവാക്കിയതും നടപടി ക്രമങ്ങളിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഭാവിയിൽ ലേല നടപടി ക്രമങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ കൃത്യമായ ധാരണ പുലർത്തേണ്ടതും നടപടിക്രമങ്ങൾ പാലിച്ച് സുതാര്യതയോടെ നടത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-14 അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ്-തുകകളുടെ വിശദാംശം വ്യക്തമല്ല

അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ ചുവടെ ചേർക്കുന്ന പ്രകാരം രണ്ട് ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നുണ്ട്.

| ബാങ്ക് | അക്കൗണ്ട്നമ്പർ | 31-3-23-ലെ നീക്കിയിരിപ്പ് |
|---|---|---|
| എസ്.ബി.ഐ കെ.എസ്.മംഗലം | 1) 37827037461 | 33955 |
| ,, | 2) 67344951505 | 14021 |

ഓരോ അക്കൗണ്ടുകളും എന്തുദ്ദേശ്യത്തിനുവേണ്ടിയുള്ളതാണെന്നും ടി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ തുകകളുടെ വിശദാംശങ്ങളും കൂടാതെ 31-7-23 തീയതിയിലെ നീക്കിയിരിപ്പ് തുകകൾ എത്രയാണെന്നുമുള്ള വിവരം അക്കൗണ്ട്സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/13.08.2023) നൽകിയിരുന്നതിന് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയനുസരിച്ച് ക്രമനമ്പർ 1 ഇ-ടെൻഡർഫീസ് ക്രഡിറ്റ് ചെയ്യുന്നതിനുള്ള അക്കൗണ്ടാണെന്നും, ക്രമനം 2 തനതുഫണ്ട് വർക്കുകളുടെ പേമെന്റ് നൽകുന്നതിനായി മുൻവർഷങ്ങളിലെങ്ങോ തുടങ്ങിയ പ്രസ്തുത അക്കൗണ്ടിലെ തുക സംബന്ധിച്ച് വ്യക്തതയില്ലായെന്നും ടി അക്കൗണ്ടിൽ പലിശകൂടി ക്രഡിറ്റ് ചെയ്യപ്പെട്ട ആകെത്തുകയാണ് 14021 രൂപയെന്നും ഓഡിറ്റ് തീയതിവരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് സഹിതം മറുപടി ലഭ്യമാക്കി.

അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ കറന്റ് അക്കൗണ്ടിൽ 31-3-21-ലുണ്ടായിരുന്ന ടെൻഡർഫീസ് തുക ഗ്രാമപഞ്ചായത്തിന്റെ എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുള്ളത്20-4-23-ലാണ്. പലിശരഹിത അക്കൗണ്ടായതിനാൽ ടി അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെടുന്ന ടെൻഡർഫീസ് തുക അതാത് മാസം തന്നെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകേണ്ടതാണ്. ക്രമനമ്പർ 2അക്കൗണ്ടിൽ ഓഡിറ്റ് തീയതിയിൽ 18,977.50 രൂപ നീക്കിയിരിപ്പ് കാണുന്നു. തുക സംബന്ധിച്ച് വ്യക്തത ലഭിക്കാത്ത പക്ഷം പ്രസ്തുത വിഷയം പഞ്ചായത്ത്കമ്മിറ്റിയിൽ ചർച്ചചെയ്ത് രേഖയാക്കേണ്ടതും കമ്മിറ്റിയുടെ അനുമതിയോടുകൂടി പഞ്ചായത്ത് ഫണ്ടിലേക്ക് വസൂലാക്കി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷം ഫെസ്റ്റിവൽ അഡ്വാൻസായി 20000 രൂപ കൈപ്പറ്റിയ അസി.സെക്രട്ടറി ശ്രീ.കെ.പി.മധു വിൽ നിന്നും നിലവിലും 4000/- രൂപ തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/14.08.23)ആലപ്പുഴ ജില്ലിലേക്ക് സ്ഥലം മാറിപ്പോയ പ്രസ്തുത ജീവനക്കാരന്റെ അവിടത്തെ ഓഫീസിൽ നിന്നും തെറ്റായി സർക്കാരിലേക്ക് 4000 രൂപ തിരിച്ചടച്ചതാണെന്നും ആയത്

തിരികെ ലഭിക്കുന്ന മുറയ്ക്ക് അടവ് ചെയ്യുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരന്റെ തിരിച്ച് ലഭിക്കുവാൻ അവശേഷിക്കുന്ന 4000 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 സൗജന്യമായി വിട്ടുകിട്ടിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചില്ല.

സ്വകാര്യവ്യക്തികൾ /സ്ഥാപനങ്ങൾ വിവിധ ഉദ്ദേശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ പേരിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വാർഡുമെമ്പർമാരെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റിതീരുമാനമെടുത്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)രണ്ടാം വാർഡിൽ പോൾ, ചുമ്മാരുപറമ്പിൽ എന്നയാൾ അങ്കണവാടി നിർമ്മിക്കാൻ സൗജന്യമായി വിട്ടുനൽകിയ 3 സെന്റ് സ്ഥലം ആധാരം ചെയ്ത് പഞ്ചായത്തിന്റെ പേരിലാക്കുന്നതിനുള്ളതീരുമാനം (പഞ്ചായത്ത് കമ്മിറ്റിയുടെ 20-9-22ലെ അജണ്ട- 25തീരുമാനമാനം1 )

2)അങ്കണവാടിക്ക് സ്ഥലം വിട്ടുതരുന്നത് സംബന്ധിച്ച് ആഞ്ജനേയ ചാരിറ്റബിൾ ട്രസ്റ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് വാർഡ് മെമ്പറെ ചുമതലപ്പെടുത്തി (13-12-22 -ലെ അജണ്ട-15, തീരുമാനം-1 )

തീരുമാനങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം-4/10-8-23) മറുപടി ലഭ്യമാക്കിയില്ല. വിട്ടുകിട്ടിയ സ്ഥലങ്ങൾ റവന്യൂ രേഖകൾ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനും ആസ്തിരജിസ്ററിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ കമ്മിറ്റിതീരുമാനങ്ങളിന്മേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-17 സ്വയംതൊഴിൽ ഗ്രൂപ്പുകൾക്ക് ധനസഹായം- 2ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | S0165/23 |
| അടങ്കൽ | 250000 (വികസനഫണ്ട്.എസ്.സി.പി) |
| ചെലവ് | 50000/- ( ബിൽ നം-3/1-3-23)<br>150000/- ( ബിൽ നം-6/1-3-23) |
| ആകെ ചെലവ് | 200000/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

കുറഞ്ഞത് 2അംഗങ്ങൾ വീതമുള്ളതും കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ എസ്.സി.വനിതാ സ്വയംതൊഴിൽ ഗ്രൂപ്പുകൾക്ക് ഗ്രൂപ്പുസംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിനായി വനിതാഘടകപദ്ധതിയിൽപ്പെടുത്തി ആവിഷ്കരിച്ചതാണ് മേൽപ്രോജക്ട്. ഗ്രാമസഭാ ഗുണഭോക്തൃലിസ്റ്റിൽനിന്നും ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത് വായ്പാബന്ധിതമായി സബ്സിഡി (കുറഞ്ഞത് 50% പരമാവധി 75%) നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പ്രോജക്ടിന്റെ ഭാഗമായി ഒരു ഗ്രൂപ്പിന് 50000/-രൂപ പ്രകാരം 4ഗ്രൂപ്പുകൾക്കായി ആകെ 200000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രൂപ്പുകളുടെ വിവരങ്ങൾ ഫയലിൽനിന്നും ലഭ്യമായത് ചുവടെ ചേർക്കുന്നു.

| ക്രമനം | ഗ്രൂപ്പിന്റെ പേര് | അംഗങ്ങളുടെ എണ്ണം | വാർഡ്/ പ്രവർത്തനസ്ഥലം | തെരഞ്ഞെടുത്ത സംരംഭം | ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ട്നം | വായ്പ അനുവദിക്കുന്ന ധനകാര്യ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സ്ഥാപനം |
| 1 | ധനശ്രീ | 3 | 6 / ചുങ്കം | തയ്യൽയൂണിറ്റ് | SB- 4453 | മറവൻതുരുത്ത് SCB Ltd No-121 |
| 2 | യെല്ലോ | 5 | 13 ടോൾ | ,, | SB-7993 | കെ.എസ്.മംഗലം SCB Ltd-No-3850 |
| 3 | നിറവ് | 5 | 9 ഇടവട്ടം | ,, | SB-4447 | മറവൻതുരുത്ത് SCB Ltd No-121 |
| 4 | ഒരുമ | 5 | 8 മേലേകുറ്റിക്കാട്ട് ഇടവട്ടം | ,, | SB- 5273 | മറവൻതുരുത്ത് SCB Ltd No-121 |

പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലും ഓരോ ഗ്രൂപ്പുകളുടേയും സംരംഭപ്രവർത്തനങ്ങൾ നേരിട്ട് സന്ദർശിച്ചതിലും ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഗ്രൂപ്പുകളുടെ പ്രോജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം ഓരോ കുടുംബശ്രീ യൂണിറ്റുകളും ഗ്രൂപ്പ് സംരംഭങ്ങൾ നടത്തുന്നതിനുള്ള സ്ഥലം കണ്ടെത്തി അടിസ്ഥാനസൗകര്യങ്ങളൊരുക്കിയിട്ടുള്ളതായോ അഥവാ അടിസ്ഥാനസൗകര്യങ്ങൾ നേരത്തേതന്നെ നിലവിലുള്ളതായോ ഫയലിൽ രേഖകളില്ല.

2) ഗ്രൂപ്പുകൾ വായ്പ/ സബ്സിഡി തുക വിനിയോഗിച്ചോ സ്വന്തം നിലയിലോ തയ്യൽയൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ മൂലധന ആസ്തികളോ മറ്റ് അസംസ്കൃത വസ്തുക്കളോ വാങ്ങിയിട്ടുള്ളതിന്റെ യാതൊരു രേഖകളും ( പർച്ചേയ്സ് ബില്ലുകൾ) ഹാജരാക്കിയിട്ടില്ല.

3) ഒരു നിശ്ചിത വരുമാനം ലഭ്യമായി ലാഭം കണ്ടെത്തുന്നതിനും അതിൽനിന്നും വായ്പ തുക മുടക്കംകൂടാതെ അടവാക്കിപ്പോരുന്നതിനും പര്യപ്തമായ തരത്തിൽ ഗ്രൂപ്പുകളുടെ തയ്യൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല .ഓരോ ഗ്രൂപ്പിന്റേയും പ്രവർത്തനം സംബന്ധിച്ച് നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) ധനശ്രീ ഗ്രൂപ്പ്

പ്രവർത്തനസ്ഥലം ചുങ്കം എന്ന് ഗ്രൂപ്പിന്റെ പ്രോജക്റ്റ്റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലത്ത് അപ്രകാരം യൂണിറ്റ് പ്രവർത്തിക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടു. ഫോൺമുഖേന ബന്ധപ്പെട്ടപ്പോൾ പ്രസിഡന്റിന്റെ വീട്ടിലാണ് യൂണിറ്റ് പ്രവർത്തിക്കുന്നതെന്നറിയിക്കുകയും അതനുസരിച്ച് സ്ഥലപരിശോധന നടത്തിയതിൽ വീട്ടിൽ ഒരു തയ്യൽ മെഷീൻ പോലും ഇല്ലായെന്നും കണ്ടു. മെഷീൻ സഹോദരിക്ക് കൊടുത്തു എന്നാണ് പ്രസിഡന്റ് വിശദീകരണം നൽകിത്. തൊട്ടടുത്ത് ഗ്രൂപ്പിന്റെ കൺവീനറുടെ വീട്ടിൽ പഴയ ഒരു തയ്യൽമെഷീൻ മാത്രമാണുണ്ടായിരുന്നത്. ഗ്രൂപ്പിന്റെ ബോർഡും കാണാനായില്ല. യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതിന്റെ കാരണം അന്വേഷിച്ചപ്പോൾ വീട്ടുപണി നടക്കുന്നതിനാലാണ് ആരംഭിക്കാത്തതെന്നും ഓണത്തിനുശേഷം സംരംഭം തുടങ്ങുന്നതാണെന്നും പ്രസിഡന്റ് അറിയിച്ചു. ബാങ്ക് വായ്പ ലഭിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

ബി) യെല്ലോ ഗ്രൂപ്പ്

ഫയൽപ്രകാരം ( യൂണിറ്റിന്റെ പ്രോജക്ട് റിപ്പോർട്ട്) 13-ാം വാർഡിലെ 'യെല്ലോ ' തയ്യൽ ഗ്രൂപ്പിന്റെ പ്രവർത്തനസ്ഥലം' ടോൾ ' ജംഗ്ഷൻ ആണ്. ഇവിടെ ഗ്രൂപ്പിന്റെ തയ്യൽ യൂണിറ്റ് കാണാതിരുന്നതിനാൽ ഫോണിൽ ബന്ധപ്പെട്ടപ്പോൾ പ്രസ്തുത യൂണിററ് പ്രവർത്തിക്കുന്നത് സുനി ,അരികുപുറം എന്നയാളുടെ വീട്ടിലാണെന്ന് അറിയിക്കുകയും സ്ഥലം നേരിട്ട് സന്ദർശിക്കുകയും ചെയ്തു. വീടിന്റെ മുകളിലെ ഒരുമുറിയിൽ രണ്ട് പഴയ മെഷീനുകളും വളരെ കുറച്ച് തുണികളും തൽക്കാലത്തേക്ക് സജ്ജീകരിച്ചിട്ടുള്ളതുപോലെ കണ്ടു. ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് ലഭ്യമാക്കിയുമില്ല. പാസ്ബുക്ക് ലഭ്യമാക്കാത്തതിനാൽ വായ്പ /സബ്സിഡി തുകകളുടെ വരവുചെലവുവിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രൂപ്പിന്റെ പേരിലുള്ള ബോർഡും സ്ഥാപിച്ചിട്ടില്ല.

സി)നിറവ് ഗ്രൂപ്പ്

പ്രോജക്ട് റിപ്പോർട്ട്പ്രകാരം 9-ാം വാർഡിൽ ശ്രീമതി ബിന്ദാര ,ഇല്ലിക്കുളങ്ങരയുടെ വീട്ടിൽ പ്രവർത്തിക്കുന്ന യൂണിറ്റ് ടിയാളുടെ വീട്ടിൽ സൗകര്യമില്ലാത്തതിനാൽ ഇടവട്ടത്താണ് പ്രവർത്തിക്കുന്നതെന്ന് ഫോണിൽ അറിയിച്ചതനുസരിച്ച് സ്ഥലം സന്ദർശിക്കുകയുണ്ടായി. ഇടവട്ടം ജംഗ്ഷനിൽ ശ്രീമതി ഗിരിജ എന്നയാളുടെ വീടിന്റെ താഴത്തെ നിലയിലെ കടമുറികളിലൊന്നിൽ കറിപൗഡറും എണ്ണ, സാനിറ്ററി ഇനങ്ങൾ ,പ്ലാറ്റിക് ഉത്പ്പന്നങ്ങൾ മുതായവ വിൽപ്പന നടത്തുന്ന കടയിൽ മൂന്ന് പഴയ മെഷീനുകൾ മാത്രമാണുണ്ടായിരുന്നത്. തയ്യൽതുണികളോ തയ്യ്ച്ച തുണികളോ സ്ഥലത്ത് കാണാനായില്ല. യൂണിറ്റിന്റെ ബോർഡും സ്ഥാപിച്ചിട്ടില്ല. ഇത് സംബന്ധിച്ച് അന്വേഷിച്ചതിൽ വീട്ടിൽ സൗകര്യമില്ലാത്തതിനാലാണ് മെഷീനുകൾ കടയിൽ സൂക്ഷിക്കുന്നതെന്നും തുണികൾ അംഗങ്ങളുടെ വീടുകളിലാണ് സൂക്ഷിക്കുന്നതെന്നും അറിയിച്ചു. യൂണിറ്റിന്റെ പേരിൽ ബാങ്ക് അക്കൗണ്ട് ( SB-4447) ആരംഭിച്ചത് 20-2-23ലാണ്. 27-3-23-ൽ വായ്പയിനത്തിൽ 100000/-രൂപയും സബ്സിഡിയിനത്തിലുള്ള 50000/-രൂപയും ഉൾപ്പെടെ ആകെ 150000/-രൂപ ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. അതേ തീയതിയിൽ ത്തന്നെ തുക പൂർണ്ണമായും പിൻവലിച്ചിട്ടുള്ളതായും പാസ്സ്ബുക്ക് പരിശോധിച്ച് ബോധ്യപ്പെട്ടു. എന്നാൽ തയ്യൽ മെഷീനുകളോ തയ്യ്ക്കുന്നതിനുള്ള തുണികളോ മറ്റ് അനുബന്ധ സാമഗ്രികളോ വാങ്ങിയിട്ടുള്ളതായി യാതൊരു രേഖകളുമില്ല. വായ്പ തിരിച്ചടച്ചതിന്റെ വിവരങ്ങളും ലഭ്യമായില്ല.

ഡി) ഒരുമ തയ്യൽ യൂണിറ്റ്

8-ാം വാർഡിൽ പ്രവർത്തിക്കുന്ന പ്രസ്തുത യൂണിറ്റിന്റെ പ്രോജക്ട് റിപ്പോർട്ട്പ്രകാരം പ്രവർത്തനസ്ഥലം ഐ.എച്ച്.ഡി.പി-യ്ക്ക് സമീപം മേലേക്കുറ്റിക്കാട്ട് എന്ന സ്ഥലമാണ്. 5 അംഗങ്ങളാണ് യൂണിറ്റിനുള്ളത്. സ്ഥലത്തുപോയി പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാംസ്കാരികനിലയത്തിൽ മൂന്ന് മെഷീനുകൾ ( പഴയത്) നിരത്തിയിട്ടിട്ടുള്ളനിലയിൽ കണ്ടു. ധനകാര്യസ്ഥാപനമായ മറവൻതുരുത്ത് എസ്.സി.ബി ലിമിറ്റഡ് 121 പ്രസ്തുത യൂണിറ്റിന് 200000/രൂപ വായ്പ അനുവദിച്ചതായി ബാങ്ക് സെക്രട്ടറിയുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ തയ്യൽ യൂണിറ്റ് സ്ഥിരമായി പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുന്ന തരത്തിൽ തുണികളോ തുണികൾ സൂക്ഷിയ്ക്കുന്നതിനുള്ള സൗകര്യമോ കണ്ടില്ല. ഇതുസംബന്ധിച്ച് അന്വേഷിച്ചതിൽ അംഗങ്ങൾ ഓരോരുത്തരും വീടുകളിലിരുന്നാണ് തയ്യൽജോലി ചെയ്യുന്നതെന്നും പരിശോധനയക്ക് വരുമെന്നറിയച്ചതനുസരിച്ച് മെഷീനുകൾ അവിടേക്ക് കൊണ്ടുവന്നതാമെന്നും പ്രസിഡന്റ് അറിയിച്ചു. ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 31-3-21-ൽ വായ്പതുക 2 ലക്ഷം രൂപ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളതായും 11-4-23-ൽ ടി തുക പിൻവലിച്ചിട്ടുള്ളതായും കാണുന്നു. 13-4-13-ൽ 1 ലക്ഷം രൂപ വീണ്ടും ഇതേ അക്കൗണ്ടിലേക്ക് ക്രഡിറ്റ് വന്നിട്ടുള്ളതായും അതേ തീയതിയിൽ പിൻവലിച്ചിട്ടുള്ളതായും കണ്ടു. ഇത് സംബന്ധിച്ച് 2 ലക്ഷം രൂപയുടെ വായ്പാതുക പിൻവലിച്ചെങ്കിലും തിരിച്ചടവിന് പ്രയാസം നേരിടുമെന്നതിനാൽ പിൻവലിച്ചതിൽ 1 ലക്ഷം രൂപ തിരിച്ചടച്ചതാണെന്നും ആയത് ബാങ്കിന്റെ വായ്പാ അക്കൗണ്ടിൽ ക്രഡിറ്റ് വരുത്തേണ്ടതിനുപകരം തെറ്റായി ഗ്രൂപ്പിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതാണെന്നും വ്യക്തമാക്കുകയുണ്ടായി. പിൻവലിച്ച 1 ലക്ഷം രൂപ എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

5) ധനസഹായം വിനിയോഗിച്ച് സ്വയംതൊഴിലിനായി തയ്യൽജോലി സ്വീകരിച്ച് വരുമാനം ഉണ്ടാക്കിക്കൊള്ളാമെന്നും പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി പ്രവർത്തിച്ചുകൊള്ളാമെന്നും വ്യവസ്ഥ ചെയ്തുകൊണ്ട് മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ കരാർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാറിൽ ഗ്രൂപ്പംഗങ്ങളും പഞ്ചായത്തിനുവേണ്ടി നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഓ-യും ഒപ്പുരേഖപ്പെടുത്തി കരാർ ആധികാരികമാക്കിയിട്ടില്ല.

6) സ്വയംതൊഴിൽ സംരംഭക പ്രവർത്തനങ്ങളിലൂടെ ഗ്രൂപ്പുകൾക്ക് ലഭിച്ച വരുമാനം ,വായ്പ തുകയുടെ തിരിച്ചടവ് ,നീക്കിബാക്കി തുടങ്ങിയ വിവരങ്ങളും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

7)പ്രോജക്ടിന്റെ മോണിറ്ററിംഗ് ചുമതലപ്പെട്ട ചെറുകിട വ്യവസായ വർക്കിംഗ് ഗ്രൂപ്പ് യൂണിറ്റുകളുടെ പ്രവർത്തനം പരിശോധിച്ച് വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം മറുപടി വിശദീകരണം ആവശ്യപ്പെട്ടതിന് (

എൻക്വയറിനം- 9/13-8-23) ലഭ്യമാക്കിയ മറുപടിയിൽ ഒരേ പ്രവൃത്തി ചെയ്യുന്ന കുടുംബശ്രീ ഗ്രൂപ്പംഗങ്ങളെ ഒരു ഗ്രൂപ്പാക്കി സബ്സിഡി ആനുകൂല്യം നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും സാമ്പത്തികവർഷാവസാനമായതിനാലും തുക ചെലവഴിക്കേണ്ടതിനാലും ഗ്രൂപ്പ് അംഗങ്ങളുടെ സമ്മതത്തോടെ അവരവരുടെ വീടുകളിലാണ് പ്രവർത്തിക്കുന്നതെന്നുമാണ് അടിസ്ഥാന സൗകര്യങ്ങളില്ലാത്തത് സംബന്ധിച്ച വിഷയത്തിൽ വിശദീകരണം ലഭ്യമാക്കിയത്. സാമ്പത്തിക വർഷാവസാനമായതിനാലും അധികമായി ഒരു സർക്കിളിന്റെ കൂടി ചുമതലയും ഉണ്ടായിരുന്നതിനാലും ഫയൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നും ഫണ്ട് ചെലവാക്കുന്നതിന് പഞ്ചായത്തിൽനിന്നുള്ള സമ്മർദ്ദവും വകുപ്പുതലത്തിലുള്ള മീറ്റിംഗുകളുടെ സാഹചര്യങ്ങളുമൊക്കെ ഉണ്ടായിരുന്നതിനാൽ വേണ്ടത്ര തയ്യാറെടുപ്പില്ലാതെ പ്രോജക്ടുകൾ നടപ്പാക്കാൻ നിർബന്ധിതനാവുകയായിരുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

16-8-23-ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് സ്വയം തൊഴിൽ ഗ്രൂപ്പുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പുരോഗതി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്നും പ്രസിഡന്റും സെക്രട്ടറിയും അറിയിച്ചു.

മേൽപ്പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ 4 ഗ്രൂപ്പുകൾക്കുമായി സബ്സിഡിയിനത്തിൽ ചെലവഴിച്ച 200000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓരോ കുടുംബശ്രീ ഗ്രൂപ്പുകളും അവരുടെ ഗ്രൂപ്പ് സംരംഭമായ തയ്യൽ യൂണിറ്റുകൾ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളപ്രകാരം പ്രവർത്തനമാരംഭിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകളും പ്രവർത്തനങ്ങളും ഉദ്യോഗസ്ഥതലത്തിലും ഭരണസമിതി തലത്തിലും ഉണ്ടാകേണ്ടതും സബ്സിഡി തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്. യൂണിററുകളുടെ പ്രവർത്തനം സമയബന്ധിതമായി മോണിറ്റർ ചെയ്ത് പ്രവർത്തനത്തിലേയും വായ്പാതിരിച്ചടവിലേയും പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും ചുമതല നിർവ്വഹിക്കേണ്ടതാണ്. കൂടാതെ ഓരോ ഗ്രൂപ്പുകളുടേയും പ്രവർത്തനപുരോഗതിയും ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതയും അതാത് വാർഡ് മെമ്പർമാർ നിരീക്ഷിച്ച് ഉറപ്പുവരുത്തേണ്ടതും പ്രസ്തുതവിവരം ഗ്രാമസഭയെ ബോധ്യപ്പെടുത്തേണ്ടതുമാണ്. മേൽനടപടികളുടേയും പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തിയുടേയും വിവരങ്ങൾ രേഖകൾസഹിതം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-18 സോപ്പുപൊടിനിർമ്മാണയൂണിറ്റ് സോപ്പുപൊടിനിർമ്മാണം നടത്തുന്നില്ല.

| | |
|---|---|
| പ്രോജക്ട് | 130/23സ്വയംതൊഴിൽ ഗ്രൂപ്പുകൾക്ക് ധനസഹായം(വനിത) |
| അടങ്കൽ | 600000/- |
| ചെലവ് | 50000/- |
| ബിൽനമ്പർ | 4/1-3-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽപ്രോജക്ട്പ്രകാരം 13-ാം വാർഡിൽ ടോൾ എഡിഎസ്-ൽപ്പെട്ട കുടുംബശ്രീഗ്രൂപ്പായ വൈറ്റ് ഗ്രൂപ്പിന് സോപ്പുപൊടിനിർമ്മാണയൂണിറ്റ് തുടങ്ങുന്നതിനായി 50000/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പിന്റെ പ്രോജക്ട് റിപ്പോർട്ടനുസരിച്ച് കെമിക്കലുകൾ വാങ്ങി സോപ്പ്,സോപ്പുപൊടി തുടങ്ങി 5-ലധികം ഹൈജീൻ ഉത്പ്പന്നങ്ങൾ ഉണ്ടാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ധനകാര്യവിശകലനപ്രകാരം 2ലക്ഷം രൂപ മുതൽമുടക്കുവരുന്നതിൽ 150000/-രൂപ ബാങ്ക് വായ്പയും ബാക്കി 50000/-രൂപ ഗുണഭോക്തൃവിഹിതവുമാണ്.പഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽനിന്നും 50000/-രൂപ ബാക്ക് എൻറ് സബ്സിഡിയായി ബാങ്കിന് നൽകുന്നു. ലോൺ അടച്ചുതീർക്കുന്ന മുറയ്ക്ക് അത് സംരംഭകർക്ക് നൽകുകയും ചെയ്യുന്നു. കെ.എസ്.മംഗലം സർവ്വീസ് സഹകരണബാങ്ക് സെക്രട്ടറിയുടെ സാക്ഷ്യപത്രപ്രകാരം 150000/-രൂപ ഗ്രൂപ്പിന് വായ്പ അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പിന്റെ പ്രവർത്തനസ്ഥലം ചേവടിപ്പാലത്തിനുസമീപം

കുട്ടമ്മേൽ സുധീഷ് ഭവനിൽ ശ്രീമതി ലതാബാബുവിന്റെ വസതിയാണെന്ന് അറിയിച്ചതനുസരിച്ച് ഇവിടെ സന്ദർശിക്കുകയുണ്ടായി. എന്നാൽ ഇവിടെ സോപ്പുപൊടിനിർമ്മാണം നടക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടുകയുണ്ടായി. സോപ്പുപൊടി വാങ്ങി അംഗങ്ങൾവീതിച്ചെടുക്കുകയും തൊഴിലുറപ്പുതൊഴിലാളികൾക്കും മറ്റും വിൽപ്പന നടത്തുകയാണെന്നും ഗ്രൂപ്പംഗം അറിയിച്ചു. ബാങ്ക്പാസ്സ്ബുക്ക് പരിശോധിച്ചതിൽ 8-3-23-ൽ 100000/-രൂപ ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുള്ളതായി കാണുന്നു. 3-8-23വരെ 10510/-രൂപ മാത്രമാണ് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ബാക്കി 89490/-രൂപ അക്കൗണ്ടിലവശേഷിക്കുന്നുണ്ട്. 9% പലിശനിരക്കിൽ 3വർഷക്കാലയളവാണ് തിരിച്ചടവിന് അനുവദിച്ചിട്ടുള്ളത്.

സബ്സിഡി തുക നിലവിൽ സഹകരണബാങ്കിന്റെ അക്കൗണ്ടിൽ നിലനിൽക്കുകയാണ്.

സോപ്പുപൊടി നിർമ്മാണയൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതിനാലും വായ്പാതിരിച്ചടവ് കൃത്യമായി നടക്കുന്നില്ലാത്തതിനാലുംയൂണിറ്റിന് സബ്സിഡി അനുവദിക്കുന്നതിനായി ചെലവഴിച്ച 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കുടുംബശ്രീഗ്രൂപ്പ് ലഭ്യമായ വായ്പ തുക വിനിയോഗിച്ച് സോപ്പുപൊടിനിർമ്മാണം ആരംഭിച്ച് വിൽപ്പനയിലൂടെ വരുമാനം ഉണ്ടാക്കുന്നതിനും വായ്പ തുക കൃത്യമായി തിരിച്ചടച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനും സബ്സിഡി തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളുണ്ടാകേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥന്റേയും പഞ്ചായത്ത് ഭരണസമിതി, ബന്ധപ്പെട്ട വാർഡുമെമ്പർ ,സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പംഗങ്ങൾ തുടങ്ങിയ അധികാര സ്ഥാനങ്ങളുടേയും സജീവശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലുണ്ടാകേണ്ടതുമാണ്.

## 1-19 കടത്തുകടവ് -ചീപ്പുങ്കൽ റോഡ് കരാർവച്ച് മൂന്നു വർഷത്തിനുശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 20/23 കടത്തുകടവ് ചീപ്പുങ്കൽ റോഡ് ടാറിംഗ് |
| അടങ്കൽ | 400000 ( സി.എഫ്.സി)<br>50000( തനതുഫണ്ട്)<br>450000 |
| ചെലവ് | 177575/- |
| ബിൽനമ്പർ | 20/30-6-22 |

1-ാം വാർഡിലെ കടത്തുകടവ് ചീപ്പുങ്കൽ റോഡിന്റെ മേക്കരക്ഷേത്രത്തിനുമുൻവശത്തായി ടാറിംഗ് മോശമായ 150മീറ്റർ നാളം റീടാർ ചെയ്യുന്നതിനും അതിനുശേഷം നിലവിലെ ടാറിംഗ് തീരുന്ന ഭാഗത്തുനിന്നും 64മീറ്റർ നീളത്തിൽ പുതിയ ടാർ ചെയ്യുന്നതിനുമായി ആവിഷ്കരിച്ചതാണ് മേൽപ്രോജക്ട്. ടെൻഡർ നടപടികളിലൂടെ ശ്രീ. അജി.റ്റി.എം എന്നയാളുടെ കരാർ ( എസ്റ്റിമേറ്റ് നിരക്ക്) അംഗീകരിച്ച് ടിയാളുമായി 18-12- 19 ന് കരാർ വയ്ക്കുകയും പ്രവൃത്തി സ്ഥലം കൈമാറുകയും ചെയ്തിരുന്നു. കരാർപ്രകാരം 17-6-20നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ തൻവർഷംപ്രവൃത്തി നടപ്പാക്കിയിരുന്നില്ല എന്ന് കാണുന്നു. 20-21, 21-22 വർഷങ്ങളിലും സ്പിൽ ഓവറായി തുടർന്നെങ്കിലും പ്രസ്തുത വർഷങ്ങളിലും പ്രോജക്ടിന്റെ ഭാഗമായി തുക ചെലവഴിച്ചിട്ടില്ല.

കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കാത്തതിനാൽ 23-11-21-ലും 10-12-22ലും നോട്ടീസ് നൽകിയിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ കരാറുകാരൻ സ്വീകരിച്ചിട്ടില്ലായെന്ന് ഫയലിൽ അസിസ്റ്റന്റ് എൻജിനീയർ വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് 22-23വർഷം എസ്റ്റിമേറ്റിലെ ഭാഗികമായ പ്രവൃത്തി ഇനങ്ങൾ നടപ്പാക്കിയത് മൂല്യനിർണ്ണയം നടത്തി അളവുപുസ്തകത്തിൽ രേഖപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പാർട്ട് ബിൽപ്രകാരം

177575/-രൂപമാത്രം ചെലവഴിച്ചിട്ടുള്ളതായും കാണുന്നു. കരാറുകാരന്റെ അലംഭാവവും പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകളും ശ്രദ്ധയിൽപ്പെടുത്തി 11-4-22-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും പഞ്ചായത്ത് ഭരണസമിതിക്കും നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ റിപ്പോർട്ടുംഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത്തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നതായി ഫയലിൽ രേഖകളില്ല . തുടർന്ന് പ്രവൃത്തിനിർവ്വഹണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിച്ച് എസ്റ്റിമേറ്റ്പ്രകാരമുള്ള എല്ലാ പ്രവൃത്തി ഇനങ്ങളും ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 18-6-22-ൽ രജിസ്റ്റേർഡ് തപാലിൽ കരാറുകാരന് അയച്ച കത്ത് കൈപ്പറ്റാതെ മടങ്ങിയതും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ഫയൽപരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) 18-12-19-ൽ കരാർ വച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ച് ഫൈനൽ പേമെന്റ് നടത്തിയിട്ടില്ല.

2) ടാറിംഗ് / റീടാറിംഗ് പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്ന അനിവാര്യമായ പ്രാഥമികമായി ചെയ്യേണ്ട പ്രവൃത്തി ഇനങ്ങൾ നടപ്പാക്കാതെയും നടപ്പാക്കിയ ഇനം ഗുണനിലവാരമില്ലാതെയും നടത്തിയതായിട്ടാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ കരാറുകാരന് പാർട്ട്ബിൽ തുക അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

3)2023-24വർഷം പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ 11-8-23ൽ സ്ഥലപരിശോധന നടത്തിയതിൽറോഡ് പ്രവൃത്തി നടക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടു. ടിയാൻ തുടർന്ന് പ്രവൃത്തി നടത്താത്തതിന് ടിയാനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

4) ഈ വിഷയത്തിൽ പ്രശ്നപരിഹാരത്തിനായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് സ്റ്റാന്റിംഗ് കമ്മിറ്റി എന്നീ അധികാരസ്ഥാനങ്ങൾ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

6) പ്രവൃത്തി നിർവ്വഹണത്തിൽ കരാറുകാരന്റെ വീഴ്ചകൾ ചൂണ്ടിക്കാണിച്ച് അസി.എൻജിനീയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമമിറ്റി തീരുമാനമെടുത്തിരുന്നതായും കാണുന്നു. (26-4-22 -ലെ അജണ്ട-18 തീരുമാനം-1 ) എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിവരവും വ്യക്തമല്ല.

മേൽഅപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ( നം- 5/10-8-23) ലഭ്യമാക്കിയ മറുപടിയിൽ ടാറിംഗ് പ്രവൃത്തി ഗുണനിലവാരം കുറഞ്ഞതാണെന്നും ആയതിന്റെ ബിൽ നൽകാൻ സാധിക്കില്ലെന്നും കാണിച്ച് 11-4-22- ൽ ബഹു.പഞ്ചായത്ത് കമ്മിറ്റിക്കും സെക്രട്ടറിക്കും റിപ്പോർട്ട് നൽകുകയും തുടർന്ന് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം തുക അനുവദിക്കുന്നതിന് 26-4-22-ലെ 18(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശിക്കുകയും കൂടാതെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനു ചുമതലപ്പെടുത്തുകയും ചെയ്തിരുന്നതായി അസിസ്റ്റന്റ് എൻജിനീയർ മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് റോഡ്നിർമ്മാണം പൂർത്തീകരിക്കാൻ കരാറുകാരന് രജിസ്റ്റേർഡ് തപാലിൽ നോട്ടീസ് അയച്ചെങ്കിലും ടിയാൾ ആയത് കൈപ്പാറ്റാതെ മടക്കിയതായും പ്രസ്തുത വിവരവും പിന്നീട് നടന്ന കമ്മിറ്റി മീറ്റിംഗുകളിലും റിവ്യൂ മീറ്റിംഗുകളിലും അറിയിച്ചിട്ടുള്ളതാണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

16-8-23 -ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് കരാറുകാരൻ റീടാറിംഗ് പ്രവൃത്തി നടത്തിയിരുന്നതാണെന്നും എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ ആയതിന്റെ അളവെടുത്ത് പേമെന്റ് നടത്തിയിട്ടില്ലാത്തതാണെന്നും നിലവിൽ നിർവ്വഹണോദ്യോഗസ്ഥൻ സ്ഥലം മാറിപ്പോയിട്ടുള്ളതാണെന്നും, ചെയ്ത പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ചുനൽകണമെന്ന് കരാറുകാരൻ നിരന്തരം ആവശ്യപ്പെടുന്നതായും ടിയാൾ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലാണെന്നും പ്രസിഡന്റും വാർഡ് മെമ്പറും ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങൾ അറിയിക്കുകയുണ്ടായി.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ കരാറുകാരൻ നടപ്പാക്കിയിട്ടുള്ളതായും, പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും നാളിതുവരെ പരാതികളൊന്നും ഉണ്ടായിട്ടില്ലായെന്നും പഞ്ചായത്ത് കമ്മിറ്റിക്കും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉത്തമബോധ്യമുള്ളപക്ഷം നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് കരാറുകാരന് ചെയ്തപ്രവൃത്തിയുടെ തുക അനുവദിച്ച് നല്കുന്നതിന് ഭരണസമിതി തലത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

1-20 ക്യാൻ കോട്ടയം ക്യാൻസർ നിയന്ത്രണപരിപാടി - രേഖകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 140/23 |
| ചെലവ് , ഫണ്ടിനം | 94140/-<br>വികസനഫണ്ട് ജനറൽ |
| ബിൽ നമ്പർ, തീയതി | 206/16.1.23 = 82379/-<br>429/28.3.23 = 11761/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

ഭവനസന്ദർശനത്തിലൂടെ കണ്ടെത്തുന്ന അർബുദരോഗികൾക്ക് ബോധവൽക്കരണം നടത്തുക, രോഗനിർണ്ണയസേവനം നൽകുക, ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയത്. തൻവർഷം 94140/- രൂപ ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിൽ എലിക്സ് ഇന്റർനാഷണൽ ഡ്രഗ്സ് ആന്റ് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് 82379/- രൂപ ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ ലഭിച്ചില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ20/14.08.2023 ) മറുപടി ലഭ്യമായില്ല. ക്വട്ടേഷൻ വിശദാംശങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 82379/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 അഗതിരഹിതകേരളം - പ്രോജക്റ്റ് മന്ദഗതിയിൽ.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 51/23 |
| ചെലവ് , ഫണ്ടിനം | 400000/-<br>വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 2/14.11.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

അഗതിരഹിതകേരളം എന്ന പ്രോജക്ടിൽ 177 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. തൻവർഷം വികസനഫണ്ടിൽ നിന്നും 400000/- രൂപ പിൻവലിച്ച് അഗതിരഹിതകേരളത്തിന്റെ അക്കൗണ്ടിലേക്ക് (നമ്പർ 40541101028544 ) നൽകിയിട്ടുണ്ട്. തൻ വർഷം നാല് തവണയായി ചലഞ്ച് ഫണ്ട് തുക മുൻവർഷങ്ങളിൽ ലഭ്യമായിരുന്നത് ഉപയോഗിച്ച് ആഹാരസാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 12/2022 ന് ശേഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടില്ല. പ്രോജക്ടിനായ് ചലഞ്ച് ഫണ്ട് ലഭിച്ചതായും കാണുന്നില്ല. 1.8.23 ൽ ടി അക്കൗണ്ടിൽ 380850/- രൂപ ബാലൻസുണ്ട്. സമൂഹത്തിലെ ഏറ്റവും അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്കായി രൂപീകരിച്ച പ്രോജക്റ്റ് കൂടുതൽ പ്രവർത്തനക്ഷമമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/14.08.2023) മറുപടി ലഭ്യമായില്ല. പ്രോജക്റ്റ് കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. വികസനഫണ്ട് അടിസ്ഥാന ആവശ്യങ്ങൾക്കുപയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഉപയോഗിക്കാത്തപക്ഷം തുക നിശ്ചിത ശീർഷകത്തിൽ തിരിച്ചടക്കേണ്ടതാണ്.

1-22 മരുന്ന് /ഉപകരണങ്ങൾ വാങ്ങൽ - ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ മരുന്ന് /ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 3/23 |
| ചെലവ്, ഫണ്ടിനം | 612363/-<br>വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 217/21.1.23 = 108928/-<br>371/15.3.23 = 55652/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

ആശ്വാസകിരണം (പാലിയേറ്റിവ് കെയർ) എന്ന പ്രോജക്ടിനായി തൻവർഷം612363/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം (നമ്പർ PRF 3691/18.1.23 = 108928/-, PRF 4752/25.2.23 = 55652/-) 164580/- രൂപ ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 81124/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്തശേഷം വിവരം അറിയിക്കേണ്ടതാണ്.

81124/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 ഹോമിയോ ആശുപത്രിക്ക് മരുന്ന് - ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 5/23 |
| ചെലവ് , ഫണ്ടിനം | 200000/-<br>റോഡിതരസംരക്ഷണഗ്രാന്റ് |
| ബിൽ നമ്പർ, തീയതി | 1/24.8.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |

ഹോമിയോ ആശുപത്രിക്ക് മരുന്ന് എന്ന പ്രോജക്ടിനായി 200000/- രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ആയതിൽ ഇൻവോയ്സ് നമ്പർ LF-140/27.5.23 പ്രകാരം 140656/- രൂപയുടെ മരുന്നു ലഭ്യമായി. 59344/- രൂപയുടെ മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭ്യമാക്കാത്ത മരുന്നിന്റെ വിലയായ 59344/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ടേക്ക് എ ബ്രേക്ക് - നിർമ്മാണം പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 30/23 |
| ചെലവ് , ഫണ്ടിനം | 713875/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ, തീയതി | 260/9.2.23 = 350000/-<br>407/24.3.23 = 363875/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ജില്ലാ നിർമ്മിതികേന്ദ്രം മുഖാന്തിരം പ്രവൃത്തി നിർവ്വഹിക്കുന്ന പ്രോജക്ടാണ് ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് നിർമ്മാണം. 20.1.23 ലെ 1(2) നമ്പർ തീരുമാനപ്രകാരം നിർമ്മിതികേന്ദ്രം സമർപ്പിച്ച 17.50 ലക്ഷം രൂപയുടെ പ്ളാനും എസ്റ്റിമേറ്റും ഭരണസമിതി അംഗീകരിച്ചു. കരാർ പ്രകാരമുള്ള 20% മുൻകൂർ തുകയായ 350000/- രൂപയും ആദ്യ പാർട്ട് ബിൽ തുകയായ 363875/- രൂപയും നിർമ്മിതികേന്ദ്രത്തിന് കൈമാറി.

മുൻകൂർ നൽകിയ 350000/- രൂപയിൽ നിന്ന് നികുതി ഇനങ്ങൾ കുറവ് ചെയ്തിട്ടില്ല. 11.8.23 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ടോയ്‌ലറ്റ് നിർമ്മാണം നാളിതുവരെ പൂർത്തിയാക്കാത്തതായി ബോദ്ധ്യപ്പെട്ടു. പാലാങ്കടവിൽ ടോയ്ലറ്റ് നിർമ്മിക്കുന്ന ടി സ്ഥലത്ത് ഒരു ഓപ്പൺ സ്റ്റേജ് മുൻ വർഷങ്ങളിൽ നിർമ്മിച്ചിരുന്നു. പ്രസ്തുത സ്ഥലത്ത് ടോയ്‌ലറ്റ് നിർമ്മിച്ചതോട്കൂടി ഓപ്പൺ സ്റ്റേജ് ഇല്ലാതെയായി. ആയത് പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ പോരായ്മയാണ് . അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നമ്പർ 16/14.08.2023 ) നൽകുകയുണ്ടായി. ഓപ്പൺ സ്റ്റേജ് കാലങ്ങളോളം ഉപയോഗിക്കാതിരിക്കുകയാണെന്നും സ്ഥലം യാതൊരു പ്രയോജനമില്ലാതെ കിടക്കുകയായിരുന്നെന്നും മറുപടി ലഭ്യമാക്കി. ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ദുരിതാശ്വാസ നിധി- പ്രവർത്തനങ്ങൾ നിർജ്ജീവാവസ്ഥയിൽ

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വായ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിരുന്ന ദുരിതാശ്വാസനിധിയിലേക്ക് നാളുകളായി പണം സ്വരൂപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയോ ടി നിധിയിൽനിന്നും ധനസഹായം അനുവദിക്കുകയോ ചെയ്യുകാണുന്നില്ല. ദുരിതാശ്വാസനിധിയ്ക്കായി കുലശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ 01/04/2022 ൽ 26788 രൂപ അവശേഷിച്ചിരുന്നു. 31.03.2023 ൽ പ്രസ്തുത അക്കൗണ്ടിൽ 27587 രൂപയാണ് അവശേഷിക്കുന്നത്. പലിശയിനത്തിൽ തൻവർഷം ലഭിച്ച 799 രൂപ മാത്രമാണ് തൻ വർഷത്ത വരവ്. തൻവർഷം പ്രസ്തുത അക്കൗണ്ടിൽ ആർക്കും ധനസാഹായമൊന്നും അനുവദിച്ചിട്ടുമില്ല. വിവിധകാരണങ്ങളാൽ ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായാണ് ഓരോ ഗ്രാമപഞ്ചായത്തിലും ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ,സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിക്കാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണെന്നും ചട്ടങ്ങളിൽ പറയുന്നു. ആയതിനാൽ ഭരണസമിതി അടിയന്തിരമായി പ്രസ്തുത വിഷയത്തിൽ ഇടപെടേണ്ടതും ദുരിതാശ്വാസ നിധി പുനരുജ്ജീവിപ്പിച്ച് സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 കോക്ലിയർ ഇംപ്ലാന്റേഷൻ-മെയിന്റനൻസ് -സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റേഷൻ-മെയിന്റനൻസ് -സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ |
| പ്രോജക്ട് നമ്പർ | 152/23 |
| അടങ്കൽ | 43836(വികസനഫണ്ട്(ജനറൽ) |
| ചെലവ് | 43836 |
| ബിൽ നം.&തീയതി | 14/22-23. തീ.17.01.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

2022-23 സാമ്പത്തിക വർഷം മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിലെ കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് -സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി അദ്വൈത്

എന്ന കുട്ടിയ്ക്ക് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് 43836/- രൂപ അനുവദിച്ചിട്ടുണ്ട്.. മേൽ തുക കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ A/c No. 70101140000134- ലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായതായി കാണുന്നില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ അത് ഹാജരാക്കുന്നതിനായി 10.08.23-ലെ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ബിൽ നമ്പർ,തീയതി | ചെലവ് തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 41/23 ഐ.കെ.എം വിഹിതം നൽകൽ | 80565/- വികസന ഫണ്ട് (ജനറൽ) | 37/22.8.22 241/6.2.23 | 80565/- | ഐ.കെ.എം |
| 99/23 പെരുംകറുക പറയക്കോണം റോഡിൽ പോസ്റ്റ് മാറ്റൽ | 18842/- വികസന ഫണ്ട് (ജനറൽ) തനത് ഫണ്ട് | 28/26.12.22 = 17498 154/22.12.22 = 1344 | 18842/- | കെ.എസ്.ഇ.ബി ഇലക്ട്രിക് സെക്ഷൻ തലയോലപ്പറമ്പ് |
| 139/23 വാഴേകാട് വല്ലത്തറ റോഡിലെ പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കൽ | 47100/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 249/8.2.23 | 47100/- | വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ കടുത്തുരുത്തി |
| 166/23 അന്താരാഷ്ട്ര കോൺക്ളേവ് നടത്തിപ്പിന് വിഹിതം | 25000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 252/8.2.23 | 25000/- | എക്സിക്യൂട്ടിവ് ഡയറക്ടർ ശുചിത്വമിഷൻ |
| 91/23 കണ്ണംകുളത്ത് ത്തുക്കപാലം അറ്റകുറ്റപ്പണി. | 273500/- വികസന ഫണ്ട് (ജനറൽ) | 442/28.3.23 | 273500/- | KEL , കൊച്ചി |
| | | ആകെ | 445007/- | |

പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.15/14.08.2023) മറുപടി ലഭ്യമായില്ല. അതിനാൽ 445007/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 കുടുംബാരോഗ്യകേന്ദ്രം കെട്ടിടനിർമ്മാണം - വിനിയോഗവിവരം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 170/23 |
| ചെലവ് , ഫണ്ടിനം | 800000/-<br>തനത് ഫണ്ട് |
| വൗച്ചർ നമ്പർ, തീയതി | 22201153/14.02.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

കുടുംബാരോഗ്യകേന്ദ്രത്തിന്റെ ഭാഗമായുള്ള മെയിൻ സെന്ററിനെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്താൻ ആരോഗ്യകേരളത്തിന്റെ അക്കൗണ്ടിലേക്ക് (നമ്പർ 50200029589522) 800000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/14.08.2023 ) മറുപടി ലഭ്യമായില്ല. അതിനാൽ 800000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 കന്നുകുട്ടിപരിപാലനം - വിനിയോഗവിവരം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 103/23 |
| ചെലവ് , ഫണ്ടിനം | 312500/-<br>വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 10/24.1.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കന്നുകുട്ടിപരിപാലനം എന്ന പ്രോജക്റ്റിനായി തൻവർഷം 25 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സംസ്ഥാനാവിഷ്കൃതവിഹിതമുൾപ്പെടെ 12500/- രൂപാ വീതമാണ് സബ്സിഡി നൽകിയത്. സബ്സിഡി തുക അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ 6.1.23 ലെ 2(7) നമ്പർ തീരുമാനപ്രകാരം മറവന്തുരുത്ത് ക്ഷീരോൽപ്പാദക സഹകരണസംഘത്തെ നിർവ്വഹണച്ചുമതലയേൽപ്പിച്ചിട്ടുണ്ട്. പ്രോജക്റ്റ് പൂർണ്ണമാകുന്നമുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-30 വിഭവസമാഹരണത്തിലെ കാര്യക്ഷമത

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടേയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും കാർഷികവൃത്തിയിലും കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന പാവപ്പെട്ട ജനങ്ങളാണ്. മാത്രമല്ല മറ്റ് മെച്ചപ്പെട്ട വരുമാനദായകമായ തൊഴിൽ സംരംഭങ്ങളോ കച്ചവടസ്ഥാപനങ്ങളോ ഗ്രാമപഞ്ചായത്തിലില്ലാത്തതുമാണ്. സർക്കാർമേഖലയിലുള്ള സ്ഥാപനങ്ങളും താരതമ്യേന കുറവാണ്. ഇക്കാരണത്താൽത്തന്നെ

ഗ്രാമപഞ്ചായത്തിന് തനതുവരുമാനവും വളരെ കുറവാണ്. കെട്ടിടനികുതി, തൊഴിൽനികുതി, ലൈസൻസ്, വിവിധയിനം ഫീസുകൾ ലേലം മുതലായവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനതുവിഭവ സ്രോതസ്സുകൾ.

1. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162വകുപ്പ്പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്,ബജറ്റ്,പൊതുഭരണം,നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽകമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി സംബന്ധിച്ചും തനതുഫണ്ട്സംബന്ധിച്ചും 8-7-22-ലെ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം വിലയിരുത്തുകയും 2023-24മുതൽ വസ്തുനികുതി സമ്പൂർണ്ണപരിഷ്കരണം നടപ്പിലാക്കുന്നതിനും തീരുമാനിക്കുകയും ചെയ്തു. നിലവിലുള്ള തൊഴിൽനികുതി സ്ലാബ് പരിഷ്കരിക്കുന്നതിന് ധനകാര്യക്കമ്മീഷന് ശുപാർശ നൽകുകയുണ്ടായി. ഏറ്റവും കുറവ് പിരിവ് നടന്ന വാർഡുകളിൽ വിവിധ മാർഗ്ഗങ്ങളിലൂടെ ഫോൺ വിളിച്ചും സന്ദേശം കൈമാറിയും പിരിവു നടത്തുന്നതിന് 9-11-22-ലെ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം നിർദ്ദേശിച്ചുതീരുമാനിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എല്ലാ യോഗങ്ങളിലും തനതുവരവുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

എ) നികുതിപിരിവിൽ പിന്നിൽ നിൽക്കുന്ന വാർഡുകളിൽ വാർഡുമെമ്പർമാരുടെ സഹകരണത്തോടെ പിരിവ് ഊർജ്ജിതമാക്കാൻ നിർദ്ദേശിച്ച തീരുമാനിച്ചു

ബി) പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർനിർണ്ണയം ചെയ്യുന്നതിനുള്ള ശുപാർശ

സി)ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനും ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുമുള്ള ശുപാർശ

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എല്ലാ ശുപാർശകളും ജനറൽകമ്മിറ്റി അംഗീകരിക്കുകയും വസ്തുനികുതി പിരിവ് പുരോഗതി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷൻ, പോസ്റ്റൽപ്രചാരണം, മൈക്ക് അനൗൺസ്മെന്റ് എന്നീ മാർഗ്ഗങ്ങളിലൂടെ 100% കൈവരിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിക്കുകയും ആയവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾക്ക് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയുംചെയ്തിരുന്നു. ലഭ്യമായ പരമാവധി നികുതി പിരിച്ചെടുക്കുന്നതിന് ജീവനക്കാരുടെയും ജനപ്രതിനിധികളുടേയും കൂട്ടായ പരിശ്രമത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജീവനക്കാരിൽനിന്നും തൊഴിൽ നികുതിപിരിച്ചെടുക്കുന്നതിനും ടയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും ലൈസൻഫീസും തൊഴിൽനികുതിയും പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വാഹനലേലം

ഗ്രാമപഞ്ചായത്തിന്റെ 15 വർഷം പഴക്കമുള്ള വാഹനത്തിന് 50000/-രൂപ മാത്രമായിരുന്നു പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച് നൽകിയ വാല്യുവേഷൻ തുക എന്നാൽ പ്രസ്തുത വാഹനത്തിന് വാല്യുവേഷൻ തുകയേക്കാൾ അഞ്ചിരട്ടിയിലധികം രൂപയ്ക്ക് ലേലം ഉറപ്പിക്കാനായത് (ജി.എസ്.റ്റി ഉൾപ്പെടെ 3,39,980/-രൂപ )

സ്ഥിരനിക്ഷേപം

ഗ്രാമപഞ്ചായത്തിന്റെ പേരിൽ നിലവിലുണ്ടായിരുന്ന 4,50000/-രൂപയുടെ സ്ഥിരനിക്ഷേപത്തിന് പലിശയിനത്തിൽ ലഭിച്ച 22925/-രൂപയും കറന്റ് അക്കൗണ്ടിൽനിന്നും 3,27,075 രൂപയും ഉൾപ്പെടുത്തി 800000/-രൂപ യുടെ സ്ഥിരനിക്ഷേപം നടത്തുന്നതിന് 20-10-22-ലെ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം തീരുമാനമെടുക്കുകയും നിക്ഷേപം നടത്തുകയുമുണ്ടായി.

കടത്തുലേലം

ചെമ്മനാകരി -മണപ്പുറം കടത്തുസർവ്വീസിന്റെ ലേലാവകാശം ഒന്നിടവിട്ട വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിനാണ്. 2022-23വർഷം മുൻർഷങ്ങളെ അപേക്ഷിച്ച് ഉയർന്ന തുകയ്ക്ക് ലേലം ഉറപ്പിക്കാനായത് ( ജി.എസ്.റ്റി ഉൾപ്പെടെ 17,71,312/-രൂപ) വിഭവസമാഹരണത്തിൽ ഗ്രാമപഞ്ചായത്തിന്റെ കാര്യക്ഷമത വ്യക്തമാക്കുന്നു.

കെട്ടിടനികുതി പരിഷ്കരണം

സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ.22-3-33 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ്പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 29-4-23ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 1(15)). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷിക വസ്തുനികുതിയോടൊപ്പം 23-24മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 1-4-23 മുതൽ പ്രാബല്യത്തിൽ പുതുക്കിനിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു (8-6-23- ലെ Sc2-4356/2023). കരട് വിജ്ഞാപനം ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി 8-6-23-ൽ പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ഉപതെരഞ്ഞെടുപ്പിനുള്ള പെരുമാറ്റച്ചട്ടം 15-7-23തീയതി പ്രാബല്യത്തിൽ നിലവിൽ വന്നതിനാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതാണ്.

1-31 ലൈഫ് ഭവന നിർമ്മാണം- പണിപൂർത്തികരിച്ചിട്ടില്ല.

1.ലൈഫ് ഭവന പദ്ധതി എസ്.സി.പി(SO)(പ്രോ.നം.39/22-23), ലൈഫ് ഭവന പദ്ധതി (ജനറൽ)(SO)(pro.no.40), ലൈഫ് ഭവന പദ്ധതി (എസ്.സി.പി)(pro.133/22-23),ലൈഫ് ഭവന പദ്ധതി(pro.no.112/22-23) എന്നീ പഞ്ചായത്ത് ഭവനനിർമ്മാണ പദ്ധതി പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നാളിതുവരെ തുക കൈപ്പറ്റിയിട്ടും വീട് പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) പഞ്ചായത്ത് ഭവനനിർമ്മാണ പദ്ധതി

| ക്രമനമ്പർ | പേര്,മേൽവിലാസം | കരാർ വച്ച തീയതി | നിർമ്മാണ പുരോഗതി നില | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | രമണൻ,പുത്തൻ തറ | 27.01.2020 | തുടങ്ങിയില്ല | 40,000/- |
| 2 | സുരേന്ദ്രൻ.പി.ജി,പതുപ്പറയിൽ | 30.12.2022 | തുടങ്ങിയില്ല | 40,000/- |
| 3 | ചന്ദ്രമതി ശശി,മൂന്നുകണ്ടത്തിൽ | 12.11.20 | ലിന്റൽ | 142667/- |
| 4 | ഷീല വല്ലേത്തറ | 29.12.21 | മേൽക്കൂര | 3,00,000/- |
| 5 | വിജയമ്മ നടുച്ചിറ | 01.11.21 | അടിത്തറ | 2,00,000/- |
| 6 | കാർത്തികേയൻ, പടിഞ്ഞാറേ മൂലേത്തറ | 05.08.22 | ലിന്റൽ | 40,000/- |

| | | | | |
|---|---|---|---|---|
| 7 | ശിശുപാലൻ, ചുണ്ടങ്ങാക്കരി | 28.02.22 | അടിത്തറ | 2,00,000/- |
| 8 | സദൻ, ഒലിയിൽ | 21.12.22 | തുടങ്ങിയിട്ടില്ല. | 40,000/- |
| 9 | ഗീത സന്തോഷ്, മാവുങ്കൽ | 11.10.21 | ലിന്റൽ | 2,60,000/- |
| 10 | അമ്പിളി, കൊച്ചുപുരയ്ക്കൽ | 03.02.22 | തുടങ്ങിയിട്ടില്ല. | 40,000/- |
| 11 | കാഞ്ചനവല്ലി,അഞ്ജനാ നിവാസ്. | 27.12.22 | മേൽക്കൂര | 2,00,000/- |
| 12 | സാബു.കെ, അപ്പക്കോട് | 27.12.22 | തുടങ്ങിയിട്ടില്ല. | 40,000/- |
| 13 | സുരേഷ് കുമാർ, അറുപാറയിൽ | 05.01.23 | അടിത്തറ | 40,000/- |
| 14 | വിലാസിനി, മാവുങ്കൽ തറ | 09.01.23 | അടിത്തറ | 40,000/- |
| 15 | ഷൈനി വേലായുധ നിവാസ് | 13.01.23 | അടിത്തറ | 40,000/- |
| 16 | രവീന്ദ്രൻ,പെരുമ്പക്കോടത്ത് | 27.01.23 | തുടങ്ങിയിട്ടില്ല | 40,000/- |
| 17 | ഉഷ പ്രഭാകരൻ, കണ്ടത്തിൽ | 27.01.23 | ലിന്റൽ | 40,000/- |
| 18 | തങ്കമ്മ ചോതൻ,ഹരിജൻ കോളനി | 25.01.23 | ലിന്റൽ | 40,000/- |
| 19 | ബിജിമോൾ, നാലുകണ്ടത്തിൽ | 02.03.23 | അടിത്തറ | 40,000/- |

പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. സർക്കുലർ നം.ഡി.ബി.1/312/2019 ത.സ്വ.ഭ.വ തീയതി. 19/09/2019 ലെ സർക്കുലർ പ്രകാരം ഒന്നാം ഘട്ടത്തിലെ പൂർത്തീകരണത്തിനായി ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ലാത്ത ഭവനങ്ങളുടെ കാര്യത്തിൽ കാരണം രേഖപ്പെടുത്തുകയും ധനദുർവിനിയോഗം നടന്നിട്ടുണ്ടെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നിലവിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 25/05/2023-ലെ 15(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന

ഓൺലൈനായും സെക്രട്ടറിയുടെ 15.07.2023 ലെ ACT-240/23(2) നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 09/08/2023 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 13,75000/- രൂപയും വൈക്കം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 9,57,597/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 1000000/- | 16/23മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം | 1000000/- | 0 |
| | 200000/- | 74/23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000/- | 0 |
| | 100,000/- | 1/23 അങ്കണവാടി പോഷകാഹാരം | 100,000/- | 0 |
| | 75000/- | 59/23ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 75000/- | 0 |
| ആകെ | 1375000 /- | ജില്ല പഞ്ചായത്ത് വിഹിതം | 1375000/- | 0 |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 100000/- | 169/23- വയോജനങ്ങൾക്ക് ആയുർവേദമരുന്ന് വിതരണം | 100000/- | 0 |
| | 155597/- | 1/23അങ്കണവാടി അനുപൂരക പോഷകാഹാരം | 155597/- | 0 |

| | | | | |
|---|---|---|---|---|
| | 250000/- | 74/23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 250000/- | |
| | 202000/- | 59/23ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 202000/- | 0 |
| | 50000/- | 158/23അതിദരിദ്ര മൈക്രോപ്ലാൻ - വീട് വാസയോഗ്യമാക്കൽ | 50000/- | ० |
| | 200000/- | 40/23ലൈഫ് ഭവന പദ്ധതി - പട്ടികജാതി വിഭാഗം | 200000/- | 0 |
| ആകെ | 957,597/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 957,597/- | 0 |

ജില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ നേരിട്ട് പഞ്ചായത്തിൽ നൽകാതെ പ്രോജക്ട് മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്തൃ അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്യുന്നു. കൂടാതെ പഞ്ചായത്തിന് മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക്-ജില്ല പഞ്ചായത്ത് വിഹിതങ്ങളിൽ പ്രോജക്ട് രൂപീകരിച്ച് ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 3,62,390/- രൂപ സർക്കാർ തൻവർഷം തിരികെയെടുത്തിട്ടുണ്ട്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രോജക്ട് നം.,പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 79/23, തട്ടാവേലി പാറക്കൽ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 198275 | 198275 | 0 |
| | 99/23, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 18842 | 0 | 18842 |

| | | | | |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | 138/23, പൊതുടാപ്പ് കട്ട് ചെയ്യൽ | 264000 | 264000 | 0 |
| | 139/23, വാഴക്കാട്-വല്ലേത്തറ റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 47100 | 0 | 47100 |
| കെ.ഇ.എൽ | 91/23, കണ്ണംകുളത്ത് തുക്ക് പാലം അറ്റകുറ്റപ്പണി | 273500 | 0 | 273500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 2022-23 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. (ലോൺ രജിസ്റ്റർ പ്രകാരം)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 12240000 | 8368000 | 600003 | 2141601 | - | 6826402 |

ലോൺ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക B-5, B-16 ഷെഡ്യൂളുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ RP-31 പ്രകാരം തൻ വർഷത്തെ ലോൺ വരവ് 600720/- രൂപയാണ് ചേർത്തിട്ടുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 450000 |
| തൻവർഷം നിക്ഷേപിച്ച തുക | 350000 |
| ആകെ | 800000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 800000 |

മുൻ വർഷത്തെ 450000 രൂപ സ്ഥിര നിക്ഷേപത്തിന് തൻ വർഷം ലഭിച്ച 22925 രൂപ പലിശയും തനത് ഫണ്ടിൽ നിന്ന് 327075 രൂപയും ചേർത്താണ് ആകെ 350000 രൂപ നിക്ഷേപിച്ചിട്ടുള്ളത്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | എഫ്.ഡി അക്കൗണ്ട്നം. |
|---|---|---|---|---|---|
| 1 | എസ്.ബി.ഐ, കുലശേഖരമംഗലം ശാഖ | 25.10.2022 | 1 വർഷം | 800000 | 41373815572 തീയതി 25.10.2022 |
| ആകെ | | | | 800000 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് നം. | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2021-22 | 1-11 | 5000 | അസി.സെക്രട്ടറി, കുലശ്ശേഖരമംഗലം സർവ്വീസ് സഹകരണ ബാങ്ക് | 1220102311 തീയതി 23.12.2022 |
| 2021-22 | 1-11 | 5000 | സെക്രട്ടറി, മറവൻതുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് | 1220102327 തീയതി 26.12.2022 |
| 2021-22 | 1-12 | 29500 | മീറ്റ് പ്രോഡക്ട്സ് തൊടുപുഴ | 1220000233 തീയതി 17.03.2023 |

മീറ്റ് പ്രൊഡക്ട്സ് തൊടുപുഴ എന്ന സ്ഥാപനം തൻവർഷം പ്രസ്തുത രസീതു പ്രകാരം മറ്റു ഫീസുകളോടൊപ്പമാണ് ഓഡിറ്റ് റിക്കവറിയായി 29500/- രൂപ അടച്ചിട്ടുള്ളത്. പ്രസ്തുത റിക്കവറി തുക “Prior Period Income” ലേക്ക് മാറ്റിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2009-10 | പ്രവർത്തനാവലോകനം | 2011-12 | | 1.കാർഷികപദ്ധതിയും കൃഷിഭവനും 2.ശിശുക്ഷേമപദ്ധതികളും അങ്കണവാടികളും | നിയമസഭാ സമതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നിയമസഭാ സമതി പരിഗണിച്ചിട്ടില്ല |
| | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | “ |
| 2020-21 | 1-14 | 2021-22 | അനുബന്ധം-1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് | “ |

4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | : | 45362372 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 32202137 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1717854 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 200000 | ശ്രീ.സനൽ എസ്, വിഇഒ |
| 1-18 | 50000 | ശ്രീ.സനൽ എസ്, വിഇഒ |
| 1-20 | 82379 | ഡോ.ലിറ്റി തോമസ്, മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |
| 1-22 | 81124 | ഡോ.ലിറ്റി തോമസ്, മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |

| | | |
|---|---|---|
| 1-23 | 59344 | ഡോ.നമിത കെ ആർ (ഹോമിയോ) |
| 1-27 | 445007 | ശ്രീ.സുരേഷ് കുമാർ, സെക്രട്ടറി |
| 1-28 | 800000 | ഡോ.ലിറ്റി തോമസ്, മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |
| ആകെ | 1717854 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2002-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(2)/2022/ 04.08.22 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(4)/2022/ 04.08.22 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(5)/2022/ 04.08.22 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(6)/2022/ 04.08.22 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(7)/2022/ 04.08.22 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(8)/2022/ 04.08.22 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(9)/2022/ 04.08.22 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം |

| | |
|---|---|
| | പി6(അദാ2022)1136(10)/2022/ 04.08.22 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം<br>പി6(അദാ2022)1136(11)/2022/ 04.08.22 |
| 2012-13 | കെ.എസ്.എ.കെ.റ്റി.എം<br>പി6(അദാ2022)1136(12)/2022/ 04.08.22 |
| 2015-16 | കെ.എസ്.എ.കെ.റ്റി.എം<br>പി6(അദാ2022)1136(14)/2022/ 04.08.22 |
| 2016-17 | കെ.എസ്.എ കെടിഎം പി6/ 1402/17 29.11.17 |
| 2017-18 | കെ.എസ്.എ.കെ.റ്റി.എം<br>പി6(അദാ2022)1136(15)/2022/ 04.08.22 |
| 2018-19 | കെ.എസ്.എ.കെ.റ്റി.എം<br>പി6(അദാ2022)1136(16)/2022/ 04.08.22 |
| 2019-20 | കെ എസ് എ/കെ റ്റി എം പി -6-1041/21 /<br>15-09-21 |
| 2020-21 | കെ എസ് എ/കെ റ്റി എം പി -6- 1042/21 /<br>16-09-21 |
| 2021-22 | കെ.എസ്.എ.കെ.ടി.എം.പി.6/2019/2022<br>/25.10.22 |
| 2021-22 | കെ.എസ്.എ.കെ.ടി.എം.പി.6/2019/2022<br>/02.05.2023 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 15 dated 25-05-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Maravanthuruthu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Maravanthuruthu Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Kottayam
Kerala State Audit Department

# Audit Report appended to the Audit Certificate of Maravanthuruthu Grama Panchayat for the Year 2022-2023.

**1.Major Observations**

1. Assets not classified and evaluated and Asset Register has not updated.
2. The accuracy of General Fund as on 31.03.2023 is not clear.
3. There is no balance as on 31/03/2023 in the STSB account with code 450210104. But it is recorded in RP-40(b) as â Treasury Account Of Traditional Function Fundâ and shown a balance of Rs. 500 in the account.

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.
2. An amount of Rs.273500 deposited in KEL not accounted in concerned account head.

3. Balance amount of KURDFC loan differs in Schedule B-5 and B-16. Actual receipt of loan also differs from RP-31 Schedule.
4. Government and Other dues register is not kept.
5. Total Expenditure of NREGA in AFS is not in match with the cash book.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്